കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

ശ്രീകണ്ഠാപുരം നഗരസഭ

ഓഡിറ്റ് റിപ്പോർട്ട് 2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

E-mail:doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെഎൻആർ.സി18/140/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ
ഇ- മെയിൽ doknr.ksad@kerala.gov.in
ഫോൺ 04972707698
തീയതി: 03.04.2019

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖാന്തിരം)
ശ്രീകണ്ഠാപുരം നഗരസഭ

സർ,

വിഷയം: ശ്രീകണ്ഠാപുരം നഗരസഭ – 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

****

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ നഗരപാലികാ നിയമം 295(4) വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾപ്രകാരം ശ്രീകണ്ഠാപുരം നഗരസഭയുടെ 2017-18 സാമ്പത്തികവർഷത്തെ വരവുചെലവു കണക്കുകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 2,3ഭാഗങ്ങളിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ15(1), 1997 കേരളാ മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടിഡയറക്ടർ

പകർപ്പ്:

1.സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(എയിംസിൽ)
3.ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
4.റീജിനൽ ജോയിന്റ് ഡയറക്ടർ,നഗരകാര്യം,കോഴിക്കോട്
5.കാര്യാലയ പ്രതി

നം.കെ.എസ്.എ.കെ.എൻ.ആർ./സി18/140/2019 **തീയതി: 03.04.2019**

കണ്ണൂർ ജില്ലയിലെ ശ്രീകണ്ഠാപുരം നഗരസഭയുടെ 2017-18സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ നഗരപാലികാ നിയമം 295(4) വകുപ്പ് , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ശ്രീകണ്ഠാപുരം നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭയുടെ 18-10-2017 മുതൽ 31-12-2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൌണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ്അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. ആകെ നൽകിയ 35അന്വേഷണക്കുറിപ്പുകളിൽ 18 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവും ഉണ്ടായിരിക്കുന്നതല്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ	ശ്രീ അശോകൻ മഠത്തിൽ സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ഓഡിറ്റിന് വിനിയോഗിച്ച സമയം	04-01-2019 മുതൽ 24-01-2019 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

പേര്	തസ്തിക
ശ്രീ.സത്യാനന്ദൻ സി വി	ഓഡിറ്റ് ഓഫീസർ
ശ്രീ.ഗണേശൻ കേളോത്ത്	അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി ധന്യ എം	ഓഡിറ്റർ

(ബി)നിർവ്വഹണാധികാരികൾ

ചെയർമാൻ	ശ്രീ.രാഘവൻ.പി.പി	01-04-2017 മുതൽ 31-03-2018 വരെ
സെക്രട്ടറി	ശ്രീ. വിനോദ് കുമാർ ,സൂപ്രണ്ടന്റ് (സെക്രട്ടറിയുടെ അധിക ചുമതല)	01-04-2017 മുതൽ 19-06-2017 വരെ 30-06-2017 മുതൽ 10-08-2017 വരെ
	കെ പി രാജഗോപാലൻ, ഹെൽത്ത് ഇൻസ്പെക്ടർ (സെക്രട്ടറിയുടെ അധിക ചുമതല)	20-06-2017 മുതൽ 29-06-2017 വരെ 11-08-2017 മുതൽ 03-02-2018 വരെ
	സജിമോൻ എ,സൂപ്രണ്ടന്റ് (സെക്രട്ടറിയുടെ അധിക ചുമതല)	04-02-2018 മുതൽ 31-03-2018 വരെ

നിർവ്വഹണ ഉദ്യോഗസ്ഥർ

ഉദ്യോഗപ്പേര്	പേര്	കാലയളവ്
മുനിസിപ്പൽ എഞ്ചിനീയർ	ബിന്ദ്യ കെ വി	01-04-2017 മുതൽ 14-11-2017 വരെ
	ജോസഫ് വിൽഫ്രഡ്	14-11-2017 FN മുതൽ 16-02-2018 FNവരെ
	റോയി മാത്യു	16-02-18 AN മുതൽ 31-3-18 വരെ
ഹെൽത്ത് ഇൻസ്പെക്ടർ	കെ പി രാജഗോപാലൻ	1-4-17 മുതൽ 31-3-18 വരെ
കൃഷി ഓഫീസർ	സുരേന്ദ്രൻ എ	01-04-2017 മുതൽ 28-08-2018 വരെ
	ഷീബ പിടി	29-08-2017 മുതൽ 20-02-2018 വരെ
	രശ്മി ജെ	21-02-2018 മുതൽ 31-03-2018 വരെ
പ്രിൻസിപ്പൽ, ഹയർസെക്കണ്ടറി സ്കൂൾ, ശ്രീകണ്ഠാപുരം	ലൂസി ഈപ്പൻ	01-04-2017 മുതൽ 31-03-2018 വരെ
മെഡിക്കൽ ഓഫീസർ പിഎച്ച്സി	ഡോ.സജീവൻ എം	01-04-2017 മുതൽ 02-08-2017 വരെ
	ഡോ.ഷീജ പി സി	03-08-2017 മുതൽ 31-01-2018 വരെ
	ഡോ.ബിജോയ് മാത്യു	01-02-2018 മുതൽ 26-02-2018 വരെ
	ഡോ.മനു മാത്യു	27-02-2018 മുതൽ 31-03-2018 വരെ
മെഡിക്കൽ ഓഫീസർ,ഹോമിയോ	ഡോ. സംഗീത	01-04-2017 മുതൽ 25-04-2017 വരെ
	ഡോ.ബിനു കൃഷ്ണൻ	26-04-2017 മുതൽ 31-03-2018 വരെ
ഐ. സി. ഡി. എസ് . സൂപ്പർ വൈസർ	ശ്രീമതി.ദീപ തോമസ്	01-04-2017 മുതൽ 31-03-2018 വരെ
വെറ്റിനറി സർജൻ	ഡോ.സുവർണ്ണ	01-04-2017 മുതൽ 31-03-2018 വരെ

ഉള്ളടക്കം

ക്രമ നം.	ഇനം	ഖണ്ഡിക നമ്പർ

ഭാഗം 1 പൊതു അവലോകനം		
1	ബജറ്റ്	1-1
2	വാർഷിക ധനകാര്യപത്രിക	1-2
3	വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	1-3
4	സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)	1-4
5	ഫണ്ട് വിനിയോഗം	1-5
6	പദ്ധതി അവലോകനം	1-6
7	അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി	1-7
8	ക്ഷേമ പദ്ധതികൾ	1-8
9	ക്യാഷ് ബാലൻസ് പരിശോധന	1-9
10	ആഭ്യന്തരനിയന്ത്രണം	1-10
11	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-11
12	വാർഷികകണക്കുകളിലെ അപാകങ്ങൾ	1-12
ഭാഗം - 2 വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ		
13	രശീതി പരിശോധന അപാകതകൾ	2-1
14	തൊഴിൽനികുതി അപാകതകൾ	2-2
15	ഡി & ഒ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ	2-3
16	വാടക അപാകതകൾ	2-4
17	വസ്തുനികുതി അപാകതകൾ	2-5
18	പാരാമെഡിക്കൽ രജിസ്ട്രേഷൻ പുതുക്കുന്നില്ല	2-6
19	മുൻസിപ്പാലിറ്റി റോഡിന്റെ പാർശ്വങ്ങളിൽ ഓപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപിക്കൽ- യൂസേഴ്സ് ഫീസ് ഈടാക്കുന്നില്ല.	2-7
ഭാഗം - 3 ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ		
20	അംഗനവാടികൾക്ക് സ്റ്റീൽ ,പ്ലേറ്റ് ഗ്ലാസ് വാങ്ങി നൽകൽ-പദ്ധതിയിൽ കുട്ടികളുടെ ശരാശരി എണ്ണം പരിഗണിച്ചില്ല.	3-1
21	സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.ചെലവ് തുക 190284 രൂപ തടസപ്പെടുത്തുന്നു.	3-2
22	നഗരസഭാ ഓഫീസിലേക്ക് ഫോട്ടോ കോപ്പിയർ വാങ്ങൽ-നടപടിക്രമം പാലിച്ചില്ല.	3-3

23	ശമ്പള പരിഷ്കരണ കുടിശ്ശിക നൽകിയത്- സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.	3-4
24	മഞ്ഞപ്പാറ-കുടിവെള്ള പദ്ധതി (എസ് സി) പൂർത്തീകരണം-അനുബന്ധരേഖകൾ ലഭ്യമാക്കിയില്ല.	3-5
25	വിവിധ ടെണ്ടറുകൾക്ക് പത്രപരസ്യം നൽകിയത് -ഗവൺമെന്റ് നിർദേശപ്രകാരമുള്ള ഡിസ്കൗണ്ട് ലഭ്യമായിട്ടില്ല	3-6
26	കശുമാവ് ഒട്ടതൈകൾ വിതരണം-അപേക്ഷ സ്വീകരിച്ചതിന് മുമ്പേ ഗുണഭോക്താക്കൾ വാങ്ങിച്ച തൈകൾക്ക് ആനുകൂല്യം നൽകി, ലക്ഷ്യം കൈവരിച്ചില്ല.	3-7
27	നെൽകൃഷി വികസന പദ്ധതി - ലക്ഷ്യം കൈവരിച്ചിട്ടില്ല.	3-8
28	അഡ്വാൻസ് തുക-വൗച്ചറുകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല-40000 രൂപ തടസപ്പെടുത്തുന്നു.	3-9
29	ഗവൺമെന്റ് നിർദേശപ്രകാരം സ്റ്റേറ്റ് ഇൻഷൂറൻസ് പ്രീമിയം പുതുക്കേണ്ടതാണ്.	3-10
30	മടമ്പം അംഗനവാടി കെട്ടിടനിർമ്മാണം നഗരസഭ വിഹിതം നൽകൽ പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല	3-11
31	വയോമിത്രം പദ്ധതി-നഗരസഭ വിഹിതം നൽകി-പദ്ധതി ആരംഭിച്ചില്ല.ചെലവ് തുക 10 ലക്ഷം രൂപ തടസപ്പെടുത്തുന്നു.	3-12
32	കന്നുകുട്ടി പരിപാലനം വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്.	3-13
33	പി എം എ വൈ പദ്ധതി നടത്തിപ്പ് ത്വരിതപ്പെടുത്തേണ്ടതാണ്.	3-14
34	ഗ്രാന്റുകൾ അനുവദിക്കപ്പെട്ട ഉദ്ദേശ്യത്തിന് ചെലവഴിക്കുകയോ അല്ലാത്തപക്ഷം തിരിച്ചടക്കുകയോ ചെയ്യേണ്ടതാണ്.	3-15
35	മരുന്ന് ലഭ്യമായിട്ടില്ല	3-16
36	ന്യൂട്രിമിക്സ് വാങ്ങുമ്പോൾ ജി എസ് ടി ഈടാക്കുന്നില്ല	3-17
37	ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടില്ല.	3-18
38	പശുവളർത്തൽ-അനുബന്ധരേഖകൾ ലഭ്യമാക്കിയില്ല.	3-19
39	ഇലക്ട്രോണിക്ക് ഉപകരണങ്ങൾ വാങ്ങുമ്പോൾ ബന്ധപ്പെട്ട അധികാരികളിൽ നിന്നും പ്രവർത്തനക്ഷമത റിപ്പോർട്ട് വാങ്ങിച്ചിട്ടില്ല	3-20
40	പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിംഗ് യൂണിറ്റ് -പ്രവർത്തനം ആരംഭിച്ചിട്ടില്ല.ചെലവ് തുക 982943 രൂപ തടസപ്പെടുത്തുന്നു.	3-21

41	പട്ടികജാതി/പട്ടികവർഗ്ഗവിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങി നൽകൽ-അനുബന്ധരേഖകൾ ലഭ്യമാക്കിയില്ല.	3-22
42	പെൻഷൻഫണ്ട് ഓഡിറ്റ്	3-23
ഭാഗം-4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും		
43	സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-1
44	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-2
45	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-3
46	വായ്പ / വായ്പാതിരിച്ചടവ്	4-4
47	സ്ഥിര നിക്ഷേപം	4-5
48	ഓഡിറ്റ് റിക്കവറി	4-6
49	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം	4-7
50	ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം	4-8
51	ഓഡിറ്റ് പ്രത്യവലോകനം	4-9
52	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-10
53	ഓഡിറ്റ് സർട്ടിഫിക്കറ്റ്	അനുബന്ധം-1
54	റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്	അനുബന്ധം-2-1
55	ഇൻകം& എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്	അനുബന്ധം-2-2
56	ബാലൻസ് ഷീറ്റ്	അനുബന്ധം-2-3

ഭാഗം -1

പൊതു അവലോകനം

1-1 ബജറ്റ്

21-03-2017തീയതിയിലെ 56/2017തീരുമാനപ്രകാരം ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. ആയതിന്റെ വിശദവിവരം ചുവടെ കൊടുക്കുന്നു.

മുന്നിരിപ്പ്	7265347
വരവ്	202718827
ആകെ	209984174
ചെലവ്	199481200
നീക്കിയിരിപ്പ്	10502974

2018-19 ബജറ്റിന് മുന്നോടിയായി 2017-18 ലെ റിവൈസ്ഡ് ബജറ്റ് അംഗീകരിച്ചു കാണുന്നില്ല.

1994 ലെ കേരള മുൻസ്സിപ്പാലിറ്റി നിയമം 287- ാം വകുപ്പ് ഉപവകുപ്പ് -1 അനുസരിച്ച് സർക്കാർ അതത് സമയം

പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പ് പ്രകാരമുള്ള വികസന പദ്ധതി ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനുവരി 15 ന് മുമ്പ് ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികൾ സെക്രട്ടറിയും അതത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് തയ്യാറാക്കി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ് . ബജറ്റ് നിർദ്ദേശങ്ങൾ സമയബന്ധിതമായി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് സമർപ്പിക്കുന്നതിന് വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റിയും ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്. വകുപ്പ് 287അനുസരിച്ച് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി തയ്യാറാക്കിയ ബജറ്റ് എസ്റ്റിമേറ്റ് അതിന്റെ ചെയർമാൻ മാർച്ച് ആദ്യവാരം കഴിയുന്നതിന് മുമ്പേ കൗൺസ്സിലിന്റെ ഒരു പ്രത്യേക യോഗത്തിൽ അംഗീകാരത്തിനായി വെക്കേണ്ടതും മാർച്ച് 31 നകം പാസ്സാക്കേണ്ടതുമാണ്. എന്നാൽ മാർച്ച് മൂന്നാം വാരത്തിലാണ് ബജറ്റ് അവതരിപ്പിക്കുകയും അംഗീകരിക്കുകയും ചെയ്തിട്ടുള്ളത്. ബജറ്റ് ഒരേ ദിവസം തന്നെ അവതരിപ്പിക്കുകയും പാസ്സാക്കുകയും ചെയ്യുമ്പോൾ കൗൺസ്സിലർമാർക്ക് ബജറ്റ് പഠിച്ച് വിശദമായി ചർച്ചചെയ്യുവാനുള്ള സാവകാശം ലഭിക്കാതെ വരികയും തന്മൂലം യാഥാർത്ഥ്യവുമായി പൊരുത്തപ്പെടാത്ത നിർദ്ദേശങ്ങൾ കടന്നുകൂടാൻ സാധ്യത ഉണ്ടാവുകയും ചെയ്യുന്നതാണ്. വകുപ്പ് 289 പ്രകാരം കൗൺസ്സിൽ അന്തിമമായി പാസ്സാക്കിയ ബജറ്റിന്റെ പകർപ്പുകൾ ഓഡിറ്റിന് നൽകേണ്ടതാണെന്ന നിയമപരമായ ബാധ്യത നിറവേറ്റിയിട്ടില്ല. ബജറ്റ് രൂപീകരണത്തിന്റെ വിശദാംശം കാണിക്കുന്ന ബജറ്റ് ഫയൽ ഓഡിറ്റിന് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ബജറ്റ് രൂപീകരണത്തിൽ വന്നിട്ടുള്ള ഇത്തരത്തിലുള്ള പിഴവുകൾ ഭാവിയിൽ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-2 വാർഷിക ധനകാര്യപത്രിക

ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി	അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി	അപാകത പരിഹരിച്ച് ലഭിച്ച തീയതി
31.07.2018	29-08-2018	തിരിച്ചയച്ചിട്ടില്ല	തിരിച്ചയച്ചിട്ടില്ല

1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/ തീയതി
2017-18	04-09-2018 & 05-09-2018	KSA/KNR/C18/1668/18 തീയതി12-11-2018

1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

മുന്നിരിപ്പ്	37371645
വരവ്	113397125
ആകെ	150768770
ചെലവ്	99915561
നീക്കിയിരിപ്പ്	50853209

1-5 ഫണ്ട് വിനിയോഗം

ഫണ്ടിനം		മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
വികസന ഫണ്ട്-ജനറൽ (ACR പ്രകാരം)		0	28670635	28670635	16051706	12618929
വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം)		0	5174000	5174000	2331355	2842645
മെയിന്റനൻസ്, റോഡ് (ACR പ്രകാരം)		0	8759074	8759074	8004983	754091
മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം)		0	4939848	4939848	3171622	1768226
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം)		0	7544938	7544938	6570179	974759
കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം)		0	1574486	1574486	970071	604415
സാക്ഷരത		846	0	846	0	846
ദുരിതാശ്വാസനിധി		37757	1029	38786	32000	6786
അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി	തൊഴിലാളികളുടെ കൂലി	0	0	0	0	0
	അഡ്മിനിസ്ട്രേറ്റീവ് ചെലവ്	504	5000000	5000504	0	5000504
എം പി ഫണ്ട്		40240	30571	70811	0	70811
സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ						
ബി ഫണ്ട്		0	56063570	56063570	56063570	0
ഇഎംഎസ് ഭവനനിർമ്മാണം		139778	5630	145409	0	145409

1.ജനറൽ പർപ്പസ് ഫണ്ടിനത്തിൽ 2017-18 വർഷം 120,83,000/-രൂപ ലഭിച്ചിട്ടുണ്ട്.ജനറൽ പർപ്പസ് ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച് പ്രത്യേകം റജിസ്റ്ററോ, അപ്രോപ്രിയേഷൻ കൺട്രോൾ റജിസ്റ്ററോ സൂക്ഷിച്ചിട്ടില്ല.തുക നിക്ഷപിക്കുന്നതിന് വേണ്ടി ആരംഭിച്ചിട്ടുള്ള ട്രഷറി ടി.എസ്.ബി അക്കൌണ്ടിൽ മറ്റ് തുകകളും നിക്ഷേപിച്ച് ചെലവ് നടത്തുന്നതിനാൽ ജനറൽ പർപ്പസ് ഫണ്ടിന്റേത് മാത്രമായിട്ടുള്ള വിനിയോഗം സംബന്ധിച്ച വിവരം ലഭ്യമല്ല.

2.ട്രഷറി അക്കൗണ്ടിൽ വരവ് വന്ന തുകകളുടെ മൊത്തം കണക്കാണ് കാണിച്ചിട്ടുള്ളത്.സർക്കാർ ധനസഹായം,വിവിധ ഏജൻസികളിൽ നിന്നുള്ള ഫണ്ട്,റിട്ടെൻഷൻ തുക,ബാരൽ വില ,ഈടാക്കിയ പിഴ എന്നിങ്ങനെ പല തുകകളും ഈ അക്കൗണ്ടിൽ ഉൾപ്പെട്ടിട്ടുണ്ട്.

3.ഇ എം എസ് ഭവന നിർമ്മാണം ഫണ്ടിനത്തിൽ ബാക്കി വന്ന 1,45,409 രൂപ ലൈഫ് പദ്ധതിയിൽ വിനിയോഗിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

4. പുതുതായി രൂപീകരിച്ച നഗരസഭകൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായി 1 കോടി രൂപ വീതം സ.ഉ (സാധാ) 5081/2017/ധന തീ. 20.06.2017 പ്രകാരം സർക്കാർ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവു പ്രകാരം

ശ്രീകണ്ഠാപുരം നഗരസഭക്കും തുക അനുവദിച്ചിരുന്നു. എന്നാൽ ഈ ലക്ഷ്യം നിറവേറ്റാൻ നഗരസഭക്ക് സാധിച്ചിട്ടില്ല. ഇങ്ങിനെ വരാനിടയായ സാഹചര്യം എന്തെന്ന് വ്യക്തമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നഗരസഭയ്ക്ക് നൽകിയ ഓഡിറ്റ് അന്വേഷണത്തിൽ (28/17-18) മറുപടി ലഭ്യമാക്കിയിട്ടില്ല.

1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
240	140363591	130	44092875	ഇല്ല	110	54.16

എ) നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രൊജക്ടുകളുടെ പുരോഗതി വിവരം ചുവടെ കാണിക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥർ	പദ്ധതികളുടെ എണ്ണം	നടപ്പാക്കിയത്	ആകെ അടങ്കൽ തുക	ചെലവഴിച്ച തുക	ചെലവ് %
സെക്രട്ടറി	44	15	47528273	4670541	9.82
ഡെപ്യൂട്ടി ഡയരക്ടർ,അഗ്രികൾച്ചർ	6	6	2046114	1209459	59.11
വെറ്റിനറി സർജൻ	7	7	3325820	1767141	53.13
ഹെൽത്ത് ഓഫീസർ	23	9	15157537	2749465	18.13
മുനിസിപ്പൽ എഞ്ചിനിയർ	138	77	60723101	25184847	41.47
ഐ.സി.ഡി.എസ് സൂപ്പർവൈസർ	3	3	6887766	5872368	85.25
പ്രിൻസിപ്പാൾ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ	15	9	3044980	1048871	34.44
മെഡിക്കൽ ഓഫീസർ,പി.എച്ച്.സി	3	3	1450000	1390183	95.87
മെഡിക്കൽ ഓഫീസർ, ഹോമിയോ	1	1	200000	200000	100
ആകെ	240	130	140363591	44092875	31.41

ബി). ഫണ്ടുകൾ വകയിരുത്തിയതിന്റെയും ചെലവഴിച്ചതിന്റെയും വിവരം ചുവടെ ചേർക്കുന്നു.

ഫണ്ട്	വകയിരുത്തിയത്	ചെലവഴിച്ച തുക	ചെലവ് ശതമാനം
ജനറൽ	25533734	15873956	62.16
എസ്.സി.പി	9244013	2331355	25.22
ടി.എസ്.പി	0	0	0
ധനകാര്യകമ്മീഷൻ ഗ്രാന്റ്	15049584	6570179	43.65
ലോകബാങ്ക്	1442160	970071	67.26

ധനസഹായം			
കേന്ദ്രാവിഷ്കൃതം	20855532	0	0
സംസ്ഥാനാവിഷ്കൃതം	566499	0	0
തനത് ഫണ്ട്	32560226	7170709	22
ജില്ലാ പഞ്ചായത്ത് വിഹിതം	1000000	0	0
സംരക്ഷണഗ്രാന്റ് റോഡ്	15427006	8004983	51.88
സംരക്ഷണഗ്രാന്റ് (നോൺറോഡ്)	11027537	3171622	28.76
മറ്റുള്ളവ	7657300	0	0
ആകെ	140363591	44092875	31.41

അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിയിൽ 2017-18 വർഷം വേണ്ടത്ര പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടില്ല. വകയിരുത്തിയ ആകെ തുകയുടെ 31.41% തുക മാത്രമേ ചെലവഴിക്കപ്പെട്ടുള്ളൂ. ഇക്കാരണത്താൽ നഗരസഭയ്ക്ക് ഗണ്യമായ തോതിൽ പദ്ധതി പണം നഷ്ടപ്പെടുന്ന അവസ്ഥയുണ്ടായിട്ടുണ്ട്.

ശ്രീകണ്ഠാപുരം നഗരസഭയ്ക്ക് സർക്കാർ അനുവദിച്ച വിവിധ ഫണ്ടുകളിൽ ചെലവഴിക്കപ്പെടാതെ ബാക്കിയായത് 1,95,63,065 രൂപയാണ്. ഇവയുടെ ഇനം തിരിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

ഫണ്ട്	ബാക്കിയായ തുക
വികസനഫണ്ട്	12618929
എസ്.സി.പി	2842645
ടി.എസ്.ബി	0
പതിനാലാം ധനകാര്യകമ്മീഷൻ ഗ്രാന്റ്	974759
മെയിന്റനൻസ് ഫണ്ട് നോൺ റോഡ്	1768226
മെയിന്റനൻസ് ഫണ്ടു റോഡ്	754091
ലോകബാങ്ക് ധനസഹായം	604415
ആകെ	19563065

സംസ്ഥാന സർക്കാർ അനുവദിക്കുന്ന ഫണ്ടുകൾ അതാത് സാമ്പത്തിക വർഷം ചെലവഴിക്കാഞ്ഞാൽ വർഷാവസാനം നഷ്ടമാകും എന്നതിനാൽ പദ്ധതി പണം പാഴാകാതിരിക്കുന്നതിന് വേണ്ടത്ര മുന്നൊരുക്കം കാലേക്കൂട്ടി നടത്തേണ്ടതായുണ്ട്. ഫണ്ട് വിനിയോഗത്തിൽ കുറേക്കൂടി ജാഗ്രതയും ദീർഘവീക്ഷണവും ഉണ്ടാകേണ്ടതുണ്ട്.ആയതിനാൽ ഫണ്ടുകൾ ചെലവഴിക്കുന്നതിൽ നിലവിൽ സംഭവിച്ച പോരായ്മകൾ പരിഹരിച്ച് വരും വർഷങ്ങളിൽ സർക്കാർ അനുവദിക്കുന്ന ഫണ്ടുകൾ സമയബന്ധിതമായി വിനിയോഗിക്കുന്നതിന് വർഷാരംഭത്തിൽതന്നെ തയ്യാറെടുപ്പുകൾ നടത്തേണ്ടതാണ്. ഈ വിഷയം നഗരസഭ കൗൺസിലിന്റെ പ്രത്യേക ശ്രദ്ധയിൽ കൊണ്ടുവരുന്നു. ഫണ്ട് വിനിയോഗം ഇത്രയും പരിതാപകരമായതിനിടയായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

ശ്രീകണ്ഠാപുരം നഗരസഭ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതികളുടെ രൂപീകരണവുമായി ബന്ധപ്പെട്ട് വിവിധ സമിതികളുടെ/ കമ്മിറ്റികളുടെ പ്രവർത്തനത്തിന്റെ അവലോകനം ചുവടെ കൊടുക്കുന്നു.

1) ആസൂത്രണ സമിതി.

നഗരസഭാതലത്തിൽ പദ്ധതി ആസൂത്രണം,നിർവ്വഹണം, വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങൾ ഏകോപിക്കുന്നതിനും ആസൂത്രണ നിർവ്വഹണ പ്രക്രിയയിൽ ജനപങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനുവേണ്ടി പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിലേക്കായി നഗരസഭാ ചെയർമാൻ അദ്ധ്യക്ഷയായും നഗരസഭാ സെക്രട്ടറി കൺവീനറായും ശ്രീ.പിപി.ചന്ദ്രാംഗദൻ മാസ്റ്റർ ഉപദ്ധ്യക്ഷനായും16അംഗങ്ങളുള്ള ഒരു ആസൂത്രണ സമിതി 27-01-2017 ലെ 9/17(4) നമ്പർ കൗൺസിൽ തീരുമാനം പ്രകാരം രൂപീകരിച്ചിട്ടുണ്ട്. എന്നാൽ ആസൂത്രണ സമിതി അംഗങ്ങളുടെ പേര് വിവരം 9-1-2017

ലെ തദ്ദേശ സ്വയം ഭരണ (ഡി.എ) വകുപ്പിന്റെ ജി.ഒ.(എം.എസ്)11/2017/തസ്വഭവ ഉത്തരവു പ്രകാരമുള്ള ഫോറം 1 ൽ തയ്യാറാക്കി നഗരസഭയുടെ നടപടി ഉത്തരവായി പ്രസിദ്ധീകരിച്ചതിന്റെ പകർപ്പ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

ആസൂത്രണ സമിതിക്കായി പ്രത്യേകം മിനുട്സ് ബുക്ക് സൂക്ഷിച്ചിട്ടില്ല. ജനറൽ മിനുട്സ്സിലാണ് യോഗം ചേർന്നതിന്റെ വിവരങ്ങൾ (മിനുട്സ്) രേഖപ്പെടുത്തിയിട്ടുള്ളത്. മിനുട്സ്സിൽ യോഗനടപടികൾ സംബന്ധിച്ച വിശദമായ രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല. ചർച്ചകൾ മിനുട്സ് ചെയ്യപ്പെടുന്നില്ല. ആസൂത്രണ സമയവിവര പട്ടിക അനുസരിച്ച് പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നതിൽ ഏകോപനം ഉറപ്പുവരുത്തുന്നതിന് ആസൂത്രണ സമിതിക്ക് എത്രത്തോളം സാധിച്ചിട്ടുണ്ട് എന്ന് സമിതി വിലയിരുത്തുന്നത് ഉചിതമായിരിക്കും. 2017-18 ൽ അംഗികാരം ലഭിച്ച പദ്ധതികളിൽ 53.75% പദ്ധതി മാത്രമാണ് തൻവർഷം പൂർത്തീകരിക്കാൻ സാധിച്ചത്. പദ്ധതികളുടെ മോണിറ്ററിംഗ് കൃത്യമായി നടത്തിയിട്ടില്ല. മോണിറ്ററിംഗ് റിപ്പോർട്ട് പ്രോജക്ട് ഫയലുകളിൽ ലഭ്യമാക്കിയിട്ടില്ല. പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങൾ ഏകോപിക്കുന്നതിനും ആസൂത്രണ നിർവ്വഹണ പ്രക്രിയയിൽ ജനപങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനും ആസൂത്രണ സമിതി കുറെകൂടി ശ്രദ്ധിക്കേണ്ടതുണ്ട്. 9-1-2017 ലെ തദ്ദേശ സ്വയം ഭരണ (ഡി.എ) വകുപ്പിന്റെ ജി.ഒ.(എം.എസ്)11/2017/തസ്വഭവ ഉത്തരവു ഖണ്ഡിക1.6 പ്രകാരമുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിന് കുറെക്കൂടി ശ്രദ്ധിക്കേണ്ടതുണ്ട്.

2) വർക്കിംഗ് ഗ്രൂപ്പ്

നഗരസഭയുടെ 27-1-2017 ലെ 9/17 (5) നമ്പർ തീരുമാനം പ്രകാരം 15 വർക്കിംഗ് ഗ്രൂപ്പുകളാണ് രൂപീകരിച്ചിട്ടുള്ളത്. വർക്കിംഗ് ഗ്രൂപ്പിലെ അംഗങ്ങളെ സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശ പ്രകാരം കൗൺസിൽ അംഗീകരിച്ചിട്ടുണ്ടെങ്കിലും, തദ്ദേശസ്വയംഭരണ വകുപ്പിന്റെ 9-1-2017ലെ ജി.ഒ(എം.എസ്) നം.11/2017/തസ്വഭവ ഉത്തരവിലെ ഖണ്ഡിക 2.3(12) പ്രകാരം കമ്മിറ്റി അംഗങ്ങളുടെ പേര് വിവരം ഫോറം 2 ൽ സെക്രട്ടറി ഒരു നടപടി ഉത്തരവായി പുറപ്പെടുവിച്ചിട്ടില്ല. ഓരോ വർക്കിംഗ് ഗ്രൂപ്പും ആദ്യ ദിവസം തന്നെ പ്രവർത്തന പരിപാടിക്ക് രൂപം നൽകിയിട്ടുണ്ടങ്കിലും, എല്ലാ വർക്കിംഗ് ഗ്രൂപ്പുകളും ഗ്രൂപ്പിന്റെ ആദ്യ യോഗത്തിൽ നടപ്പ് പദ്ധതികളുടെ ഒരു വിലയിരുത്തൽ റിപ്പോർട്ട്, 13-ാം പദ്ധതി സംബന്ധിച്ച വികസന കാഴ്ചപ്പാട്, നയസമീപനം, മുൻഗണനകൾ, സ്റ്റാറ്റസ് റിപ്പോർട്ട്, കരട് പ്രോജക്ട് നിർദ്ദേശങ്ങൾ എന്നിവ സംബന്ധിച്ചുള്ള പ്രാഥമിക ചർച്ച നടത്തിയിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗത്തിൽ ക്വാറം മൂന്നിൽ ഒന്ന് ആയിരിക്കേണ്ടതാണ്. എന്നാൽ ശ്രീകണ്ഠാപുരം നഗരസഭയുടെ താഴെപറയുന്ന തീയതികളിൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ ക്വാറം പോലും തികഞ്ഞിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പിന്റെ പേര്	യോഗം നടന്ന തീയതി	മിനുട്സ് ബുക്ക് പ്രകാരം വർക്കിംഗ് ഗ്രൂപ്പിലെ ആകെ അംഗങ്ങളുടെ എണ്ണം	വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ പങ്കെടുത്ത അംഗങ്ങളുടെ എണ്ണം
കൃഷിയും അനുബന്ധ മേഖലകളും	6-05-2017	15	4
വനിതാ വികസനം	12-04-2017	15	4
പ്രാദേശിക സാമ്പത്തിക വികസനം ,ചെറുകിട വ്യവസായം, സൂക്ഷ്മ സംരംഭങ്ങൾ	14-03-2018	15	4
ദാരിദ്ര്യ ലഘൂകരണം, ചേരി പരിഷ്കരണം	12-4-17	15	4
പട്ടികജാതി വികസനം	5-3-18	15	3
പാർപ്പിടം	12-5-17 16-2-18	15 15	2 4
സാമൂഹ്യനീതി, കുട്ടികൾ,വൃദ്ധർ,	12-4-17	15	4

ഭിന്നശേഷിയുള്ളവർ, ഭിന്നലിംഗക്കാർ എന്നിവരുടെ ക്ഷേമം			
നഗരാസൂത്രണം	12-4-17	15	4

ഓരോ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിലും ചെയർപേഴ്സൺന്റേയും കൺവീനറുടെയും ഹാജർ നിർബന്ധമാണ്. ബന്ധപ്പെട്ട മേഖലയിൽ ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഏറ്റവും സീനിയർ ഉദ്യോഗസ്ഥൻ ആയിരിക്കണം പ്രസ്തുത മേഖലയിലെ വർക്കിംഗ് ഗ്രൂപ്പ് കൺവീനർ. കൺവീനറെ കൂടാതെ മറ്റൊരു ഉദ്യോഗസ്ഥനെ കൂടി വർക്കിംഗ് ഗ്രൂപ്പിൽ അംഗമാക്കേണ്ടതാണ്. അദ്ദേഹമായിരിക്കണം മോണിറ്ററിംഗ് കമ്മിറ്റി കൺവീനർ. എന്നാൽ മോണിറ്ററിംഗ് സമിതി കൺവീനറെ നിശ്ചയിച്ച് ഉത്തരവ് നഗരസഭ പുറപ്പെടുവിച്ചിട്ടില്ല. ഓരോ വർക്കിംഗ് ഗ്രൂപ്പിലും സ്ത്രീ പ്രാതിനിധ്യം ഉറപ്പാക്കിയിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകൾ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയതായി മിനുട്സ്സിൽ പരാമർശിച്ചിട്ടുണ്ടെങ്കിലും ആയത് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. സ്റ്റാറ്റസ് റിപ്പോർട്ട് സംബന്ധിച്ച വിവരം പദ്ധതി രേഖയിൽ നിന്നാണ് ലഭ്യമാകുന്നത്.

3) വാർഡ് സഭ

ശ്രീകണ്ഠാപുരം നഗരസഭയിൽ 30 വാർഡുകളാണുള്ളത്. നടപ്പ് വർഷത്തിൽ രണ്ട് വീതം വാർഡ് സഭകളാണ് ചേർന്നിട്ടുള്ളത്. 2017-18 പദ്ധതി ആസൂത്രണ വാർഡ് സഭ ഗുണഭോക്തൃ തെരെഞ്ഞെടുപ്പ് വാർഡ് സഭ എന്നിവയാണ് നടന്നിട്ടുള്ളത്. കരട് പദ്ധതി നിർദ്ദേശങ്ങളെ കുറിച്ച് ചർച്ചകൾ നടത്തേണ്ടതും ഓരോ പദ്ധതി നിർദ്ദേശങ്ങൾക്കും ആവശ്യമായ കൂട്ടിചേർക്കലുകളും, തിരുത്തലുകളും നടത്തേണ്ടതും വാർഡ് സഭയുടെ ചുമതലയാണ്. വാർഡ് സഭയിൽ ഇക്കാര്യങ്ങൾ സംബന്ധിച്ച് നാമമാത്രമായ ചർച്ചകൾ മാത്രമേ നടക്കുന്നുള്ളൂ. മിക്ക വാർഡ് സഭയിലും ജനങ്ങളുടെ പങ്കാളിത്തം ക്വാറം തികയ്ക്കാൻ ആവശ്യമായത് മാത്രമേ ഉണ്ടാകുന്നുള്ളൂ. ജനകീയാസൂത്രണം എന്ന പേര് അന്വർത്ഥമാക്കുന്ന വിധത്തിൽ ജനങ്ങളുടെ പങ്കാളിത്തം ഉയർത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. മേൽ വാർഡ് സഭ കൂടാതെ ലൈഫ് മിഷനുമായി ബന്ധപ്പെട്ട് ഒരു പ്രത്യേക വാർഡ് സഭയും നടന്നിട്ടുണ്ട്. വർഷത്തിൽ നാല് വാർഡ് സഭകൾ നടത്തേണ്ടതാണ്.(2015 ലെ കേരള മുൻസ്സിപ്പാലിറ്റി (വാർഡു സഭകളുടെ രൂപീകരണവും യോഗ നടപടിക്രമങ്ങളും) ചട്ടങ്ങളിലെ ചട്ടങ്ങൾ 3,4,5 എന്നിവ കാണുക)

4) വികസന സെമിനാർ

വാർഡ് സഭയിൽ ഉരുത്തിരിഞ്ഞ് വന്ന പദ്ധതി നിർദ്ദേശങ്ങൾ വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗംചേർന്ന് ഭരണസമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ടതും ഭരണസമിതി യുടെ പരിഗണനയ്ക്ക് സമർപ്പിച്ച ശേഷം അവ വികസന സെമിനാറിൽ സമർപ്പിക്കേണ്ടതുമാണ് . ശ്രീകണ്ഠാപുരം നഗരസഭയുടെ വികസന സെമിനാർ 18-05-17 ന് നടന്നിട്ടുണ്ട്. വികസന സെമിനാറിൽ വർക്കിംഗ് ഗ്രൂപ്പ് അടിസ്ഥാനത്തിൽ ഗ്രൂപ്പ് തിരിഞ്ഞ് ചർച്ചകൾ സംഘടിപ്പിച്ചിട്ടുണ്ട്. എന്നാൽ ചർച്ചകളുടെ വിശദാംശങ്ങൾ മിനുട്സ്സിൽ രേഖപ്പെടുത്തിയിട്ടില്ല. കരട് വികസന രേഖ, 2017-18 ലെ കരട് പദ്ധതിരേഖ എന്നിവ വികസന സെമിനാറിൽ അച്ചടിച്ച് വിതരണം ചെയ്തിട്ടുണ്ട്. നഗരസഭാ കൗൺസ്സിലർമാർ, ആസൂത്രണ സമിതി അംഗങ്ങൾ, വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ, വാർഡ് സഭാ പ്രതിനിധികൾ, നിർവഹണ ഉദ്യോഗസ്ഥൻമാർ, പ്രൊഫഷണലുകൾ, വിദഗ്ധർ, സന്നദ്ധ പ്രവർത്തകർ, സ്റ്റേക്ക് ഹോൾഡർമാർ തുടങ്ങിയവർ വികസന സെമിനാറിൽ പങ്കെടുക്കേണ്ടവരാണ്. ഈ വിഭാഗങ്ങളിൽ നിന്നെല്ലാം എത്രപേർ പങ്കെടുത്തു എന്ന് വ്യക്തമല്ല. മിനുട്സ്സിൽ വിഭാഗം തിരിച്ചുള്ള രേഖപ്പെടുത്തലുകൾ ഉണ്ടായിട്ടില്ല.

5)മോണിറ്ററിംഗ് കമ്മിറ്റി

9-1-2017 ലെ തദ്ദേശ സ്വയം ഭരണ (ഡി.എ) വകുപ്പിന്റെ ജി.ഒ.(എം.എസ്)11/2017/തസ്വഭവ ഉത്തരവു പ്രകാരം വർക്കിംഗ് ഗ്രൂപ്പ് തന്നെയാണ് മോണിറ്ററിംഗ് കമ്മിറ്റിയായി പ്രവർത്തിക്കേണ്ടത് . മോണിറ്ററിംഗ് ഘട്ടത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ വർക്കിംഗ് ഗ്രൂപ്പിൽ നിന്ന് ഒഴിവാകണം എന്ന ഉത്തരവ് പാലിച്ചിട്ടില്ല(ഖ.2-5(17)). വർക്കിംഗ് ഗ്രൂപ്പ് കൺവീനറെ കൂടാതെ മറ്റൊരു ഉദ്യോഗസ്ഥനെ കൂടി വർക്കിംഗ് ഗ്രൂപ്പിൽ അംഗമാക്കേണ്ടതാണ്. അദ്ദേഹമായിരിക്കണം മോണിറ്ററിംഗ് കമ്മിറ്റി കൺവീനർ. എന്നാൽ മോണിറ്ററിംഗ് സമിതി കൺവീനറെ നിശ്ചയിച്ച് ഉത്തരവ് നഗരസഭ പുറപ്പെടുവിച്ചിട്ടില്ല. മോണിറ്ററിംഗ് കമ്മിറ്റിയുടെതായി യാതൊരു പ്രവർത്തനവും നടന്നതായി രേഖകൾ ലഭ്യമല്ല. പ്രോജക്ട് ഫയലുകളിൽ മോണിറ്ററിംഗ് റിപ്പോർട്ട്, മോണിറ്ററിംഗ് കമ്മിറ്റി മിനുട്സ് എന്നിവ ഉണ്ടായിരുന്നില്ല. പദ്ധതി മോണിറ്ററിംഗിലുണ്ടായിട്ടുള്ള വീഴ്ച പദ്ധതി നിർവ്വഹണത്തിൽ പ്രതിഫലിച്ചിട്ടുണ്ട്. പദ്ധതി ചെലവിൽ ഗണ്യമായ കുറവുണ്ടാവുകയും പദ്ധതി ലക്ഷ്യം പൂർണ്ണതോതിൽ സാക്ഷാൽക്കരിക്കാൻ സാധിക്കാതെ വരികയും ചെയ്തിട്ടുണ്ട്. എഞ്ചിനിയറിംഗ് മേഖലയിലെ സൂപ്പർവൈസറി ജീവനക്കാരുടെ കുറവും മോണിറ്ററിംഗിന്റെ അഭാവവും മരാമത്ത് മേഖലയിലെ പ്രവൃത്തികളുടെ ഗുണനിലവാരത്തെ മോശമായി ബാധിക്കാനിടയുണ്ട്. ആയതിനാൽ ശക്തമായ മോണിറ്ററിംഗ് സംവിധാനം ആവശ്യമാണ്.

6) സ്റ്റാന്റിംഗ് കമ്മിറ്റി

ധനകാര്യം, വികസനകാര്യം, ക്ഷേമകാര്യം, ആരോഗ്യകാര്യം, വിദ്യാഭ്യാസ- കലാകായികകാര്യം, മരാമത്ത്കാര്യം എന്നിങ്ങനെ ആറ് സ്റ്റാന്റിംഗ് കമ്മിറ്റികളാണ് നഗരരസഭക്കുള്ളത്. ഈ ആറ് സ്റ്റാന്റിംഗ് കമ്മിറ്റികളും നിശ്ചിത ഇടവേളകളിൽ യോഗം ചേരുകയും പദ്ധതി രൂപീകരണ/ നിർവ്വഹണത്തിൽ അവരുടേതായ പങ്ക് വഹിക്കുകയും ചെയ്തുവരുന്നുണ്ട്. എങ്കിലും, ഓരോ സ്റ്റാന്റിംഗ് കമ്മിറ്റിയും അതിന്റെ കീഴിൽ വരുന്ന വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കൃത്യമായി വിലയിരുത്തി പദ്ധതി നിർവ്വഹണ പ്രവർത്തനങ്ങളിൽ വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതല നിർവ്വഹണം ഉറപ്പാക്കേണ്ടതാണ്. കെട്ടിട നികുതി വരവുമായി ബന്ധപ്പെട്ട് ഡിസിബി തയ്യാറാക്കുന്നതിനും നികുതികൾ കൃത്യമായി ചുമത്തുന്നതിനും പിരിച്ചെടുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നല്ല ശ്രദ്ധ പുലർത്തേണ്ടതുണ്ട്. പദ്ധതിക്ക് അന്തിമ രൂപം നൽകുന്നതിന്റെ മുന്നോടിയായി മേഖല വിഭജന നിബന്ധന കളുടെ അടിസ്ഥാനത്തിൽ പ്രതീക്ഷിക്കുന്ന വിഭവ സ്രോതസ്സുകൾ, പദ്ധതി അടങ്കൽ, ഓരോ മേഖലയിലും വകയിരുത്തേണ്ട തുക, അനിവാര്യമായ ഇനങ്ങൾക്കും വിഭാഗങ്ങൾക്കും വകയിരുത്തേണ്ട തുക എന്നിവ സംബന്ധിച്ച ശുപാർശ ഓരോ സ്റ്റാന്റിംഗ് കമ്മിറ്റിയും നൽകേണ്ടതും അവ പരിശോധിച്ച് അന്തിമ തീരുമാനം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൈക്കൊള്ളേണ്ടതുമാണ്. പദ്ധതിയിൽ ഉൾപ്പെടുത്തുന്ന ഓരോ പ്രൊജക്ടും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രൊജക്ട് അംഗീകാര തീരുമാന നമ്പർ, തീയതി എന്നിവ പ്രൊജക്ട് രേഖയിൽ സുലേഖ സോഫ്റ്റ് വെയർ വഴി രേഖപ്പെടുത്തുന്നുണ്ട്.

1-7 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ഭരണചെലവുകൾ	504	50,25,225	50,25,729	0	50,25,729

2017-18 വർഷം നഗരസഭ ഈ ഇനത്തിൽ യാതൊരു ചെലവും നടത്തിയിട്ടില്ല. പ്രസ്തുത സാമ്പത്തിക വർഷത്തിൽ 5025225 രൂപ പലിശയടക്കം വരവ് വന്നിട്ടുണ്ട്. ഈ ഇനത്തിൽ ചെലവ് നടത്താതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-8 ക്ഷേമ പദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	52200	95
കർഷകതൊഴിലാളി പെൻഷൻ	11066500	955
വിധവാപെൻഷൻ	12612600	119
വാർദ്ധക്യകാലപെൻഷൻ	28671000	2538
വികലാംഗപെൻഷൻ	3508500	334
50 വയസ് തികഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ	527700	47

1-9 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10-01-2019ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹ 41074 ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-10 ആഭ്യന്തരനിയന്ത്രണം

ജീവനക്കാർക്ക് ചുമതലകൾ വിവിധ ഓഫീസ് ഉത്തരവിലൂടെ വ്യക്തമായി വിഭജിച്ച് നൽകിയിട്ടുണ്ട്. 18-5-17 ലെ എ 4-

2537/17,10-1-18 ലെ എ-2-7032/18, 5-3-18 ലെ എ2-589/18 എന്നീ ഓഫീസ് ഉത്തരവുകളാണ് ജീവനക്കാരുടെ ചുമതലാ നിർവ്വഹണവുമായി ബന്ധപ്പെട്ട് നഗരസഭ സെക്രട്ടറി പുറപ്പെടുവിച്ചിട്ടുള്ളത്. പരിചയ സമ്പന്നരായ സീനിയർ ക്ലർക്കുമാരുടെ അഭാവവും ജീവനക്കാരുടെ എണ്ണത്തിൽ കുറവും ഓഫീസ് പ്രവർത്തനത്തിനെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. രജിസ്റ്ററുകളും ഫയലുകളും കൃത്യമായി എഴുതി സൂക്ഷിക്കുന്നതിൽ ശ്രദ്ധിക്കേണ്ടതുണ്ട്. പല രജിസ്റ്ററുകളും അപൂർണ്ണമാണ്. കെട്ടിടനികുതി ഡിമാന്റ് രജിസ്റ്റർ എഴുതി തയ്യാറാക്കുകയോ സഞ്ചയ സോഫ്റ്റ് വെയറിൽ അപ്ഡേറ്റ് ചെയ്യുകയോ ചെയ്തിട്ടില്ല. നികുതി വരവ് സംബന്ധിച്ച ഡി.സി.ബി തയ്യാറാക്കാത്തതിന്റെ ഫലമായി വൻതോതിൽ നികുതി ചോർച്ച സംഭവിച്ചിട്ടുണ്ട്. ധനകാര്യ സ്റ്റാൻന്റിംഗ് കമ്മിറ്റി പ്രത്യേകിച്ചും ഭരണസമിതി പൊതുവിലും ഇക്കാര്യം പരിശോധിച്ച് പരിഹാര നടപടികൾ എടുക്കേണ്ടതാണ്. മാന്വൽ രസീത് ബുക്ക് സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയത് രേഖാമൂലം ആവശ്യപ്പെട്ടിട്ടും ഹാജരാക്കാത്തതിനാൽ രജിസ്റ്റർ നിലവിലുണ്ടോ എന്ന് വ്യക്തമല്ല. ഓഡിറ്റ് വർഷം മുനിസിപ്പാലിറ്റിയിൽ ഉപയോഗിച്ച രശീതി ബുക്കുകളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. രസീതുകൾ ക്യാൻസൽ ചെയ്യുമ്പോൾ ആയത് സ്ഥാപന മേലധികാരിയോ, സ്ഥാപന മേലധികാരി അതിനായി ഉത്തരവ് മൂലം ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനോ കാൻസൽ ചെയ്യുവാനുണ്ടായ കാരണം പല രസീതുകളിലും സാക്ഷ്യപ്പെടുത്തിയിട്ടില്ല . പല രജിസ്റ്ററുകളും കാലികമാക്കിയിട്ടില്ല, ആവശ്യമായ പല വിവരങ്ങളും ചേർക്കാൻ വിട്ടുപോകുന്നുണ്ട്. ഇത് രജിസ്റ്റർ സൂക്ഷിപ്പിന്റെ ലക്ഷ്യം നേടുന്നതിന് വിഘാതമാണ്.

സർക്കാർ ഉത്തരവ് ജി.ഒ(പി)നമ്പർ 177/2006/ ഫിൻ തീയ്യതി 12-4-2006 അനുസരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണത്തിനായി ലഭിക്കുന്ന ഫണ്ടുകൾ ആദ്യം നിർവ്വഹണ ഉദ്യോഗസ്ഥരുടെ 7A കാഷ്ബുക്കിലും തുടർന്നുള്ള ട്രാൻസാക്ഷൻസ് സബ്സിഡിയറി കാഷ്ബുക്കിലും രേഖപ്പെടുത്തണം. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥർ സബ്സിഡിയറി കാഷ്ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല. നഗരസഭാ എഞ്ചിനീയറിംഗ് ഓഫീസ്സിൽ കരാർ രജിസ്റ്റർ, ടെണ്ടർ രജിസ്റ്റർ എന്നിവയിലെ പല കോളങ്ങളിലും ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്താത്തത് പരിഹരിക്കേണ്ടതാണ്.

സ്റ്റാഫ് മീറ്റിംഗ് കൃത്യമായി ചേരുന്നില്ല. 2017-18 വർഷത്തിൽ രണ്ട്തവണ മാത്രമാണ് സ്റ്റാഫ് മീറ്റിംഗ് ചേർന്നിട്ടുള്ളത്. പ്രതി മാസം സ്റ്റാഫ് മീറ്റിംഗ് ചേർന്ന് ഓഫീസ്സ് പ്രവർത്തന പുരോഗതി വിലയിരുത്തേണ്ടതാണ്. ജീവനക്കാരുമായി ഓഫീസ്സ് മീറ്റിംഗിൽ നടത്തുന്ന ചർച്ചയിലൂടെ ഓഫീസ്സ് പ്രവർത്തനത്തിലെ പോരായ്മകൾ കണ്ടെത്താൻ കഴിയുന്നതും അവ പരിഹരിച്ച് കൂടുതൽ കാര്യക്ഷമമാക്കാൻ സാധിക്കുന്നതുമാണ്.

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട വിവിധ കമ്മിറ്റികളുടെ പ്രവർത്തനം കുറ്റമറ്റതാക്കി മാറ്റണം. നഗരസഭാ ആസൂത്രണ സമിതി, വർക്കിംഗ് ഗ്രൂപ്പുകൾ, മോണിറ്ററിംഗ് കമ്മിറ്റി എന്നിവ കൃത്യമായി യോഗം ചേരുകയും ചർച്ചകളും തീരുമാനങ്ങളും കൃത്യമായി മിനുട്സ്സിൽ രേഖപ്പെടുത്തുകയും വേണം. ഇപ്പോൾ മിനുട്സ് അപൂർണ്ണമാണ്. പദ്ധതി മോണിറ്ററിംഗ് നാമമാത്രമായിപ്പോലും നടന്നതിന്റെ രേഖകൾ പ്രോജക്ട് ഫയലിൽ ഉണ്ടായിരുന്നില്ല. മോണിറ്ററിംഗ് കാര്യക്ഷമമായില്ലെങ്കിൽ പദ്ധതി നിർവ്വഹണത്തിന്റെ ഗുണനിലവാരം കുറയാൻ സാദ്ധ്യതയുണ്ട്. പ്രത്യേകിച്ചും മരാമത്ത് മേഖലയിൽ. എഞ്ചിനീയറിംഗ് സെക്ഷനിൽ മരാമത്ത് പ്രവൃത്തികളുടെ എണ്ണം വർദ്ധിക്കുകയും സൂപ്പർവൈസറി കാഡറിലുള്ള ഉദ്യോഗസ്ഥർ ആവശ്യത്തിന് ഇല്ലാതിരിക്കുകയും ചെയ്യുമ്പോൾ മോണിറ്ററിംഗ് കമ്മിറ്റിക്ക് പ്രവൃത്തിയുടെ ഗുണനിലവാരം ഉറപ്പിക്കുന്നതിന് കാര്യക്ഷമമായി പ്രവർത്തിക്കാൻ സാധിക്കേണ്ടതാണ്.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	ഇല്ല	ഇല്ല	ഇല്ല
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	29-05-2017 മുതൽ	2012-13 മുതൽ 2016-17 വരെ	04-07-2017

	30-05-2017		

1-12 വാർഷികകണക്കുകളിലെ അപാകങ്ങൾ

ശ്രീകണ്ഠാപുരം നഗരസഭയുടെ 2017-18 വർഷത്തിലെ വാർഷിക ധനകാര്യപത്രികയിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. തൻവർഷ വസ്തുനികുതി ഡിമാന്റ്(I-1/₹4445730), കളക്ഷൻ(RP-37/₹3622756), ബാലൻസ് (B-15/₹863657) കൃത്യത പരിശോധിക്കാനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

2.വസ്തുനികുതി റെമിഷൻ/ഇളവ് നൽകിയതിന്റെ വിവരം വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. വസ്തുനികുതി കുടിശ്ശിക ഡിമാന്റ്(B-15,2016-17), കളക്ഷൻ, ബാലൻസ് എന്നിവ പൊരുത്തപ്പെടുന്നില്ല. കൃത്യത പരിശോധിക്കാനാവശ്യമായ രേഖകൾ/രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

4.ഡി ആന്റ് ഒ ലൈസൻസ് ഡിമാന്റ് , കളക്ഷൻ, ബാലൻസ് എന്നിവയുടെ കൃത്യത പരിശോധിക്കാനാവശ്യമായ രജിസ്റ്റർ/രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

5.ഡി ആന്റ് ഒ ലൈസൻസ് കുടിശ്ശിക ഡിമാന്റ്,കളക്ഷൻ,ബാലൻസ് എന്നിവ പരിശോധിക്കുന്നതിന് ആവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

6.തൊഴിൽ നികുതി (ട്രേഡേഴ്സ്) ഡിമാന്റ്,കളക്ഷൻ,ബാലൻസ് എന്നിവയുടെ കൃത്യത പരിശോധിക്കാനാവശ്യമായ രജിസ്റ്റർ/രേഖകൾ ഹാജരാക്കിയിട്ടില്ല.

7. തൊഴിൽ നികുതി (ട്രേഡേഴ്സ്) കുടിശ്ശിക ഡിമാന്റ്,കളക്ഷൻ,ബാലൻസ് എന്നിവ പരിശോധിക്കാനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

8.വാടക ഇനത്തിലെ ഡിമാന്റ് ,കളക്ഷൻ ,ബാലൻസ് എന്നിവയുടെ കൃത്യത പരിശോധിക്കാനാവശ്യമായ രേഖകൾ/രജിസ്റ്ററുകൾ ഹാജരാക്കിയിട്ടില്ല.

9.താഴെ കൊടുത്ത ഷെഡ്യൂളുകൾ പ്രകാരമുള്ള വരവിനങ്ങൾക്ക് രേഖകളും രജിസ്റ്ററുകളും ഹാജരാക്കിയിട്ടില്ല.

ക്രമ നം	ഷെഡ്യൂളിന്റെ പേര്	ഷെഡ്യൂൾ പ്രകാരമുള്ള തുക
1	RP-1(Tax Revenue)	2345912
2	RP-2(Assigned Revenues &Compensation)	3000
3	RP-3(Rental Income from Muncipal properties)	6523
4	RP-4(Fees and Usercharges)	2682116
5	RP-7 (Sale and Hire charges)	295731
7	RP-22 (Earmarked Fund)	465836
8	RP-27(Deposits Received) -Deposit Register	120540
9	RP-29(Other Liabilities)	2390448
10	RP-41(Loans Advances ,Deposits)	24000

10.ദുരിതാശ്വാസനിധി ഇനത്തിലെ മുന്നിരിപ്പും ₹36090(ബി-2/2016-17),തൻവർഷ വരവ് ₹1029(ആർപി 22),തൻവർഷ ചെലവ് ₹32000(ആർപി 22) തൻവർഷ നീക്കിയിരിപ്പുമായി ₹6786(ബി2) പൊരുത്തപ്പെടുന്നില്ല.

11.Grants & Contribution for specific purpose എന്നതിലെ മുന്നിരിപ്പും (ബി4 -2016-17),തൻവർഷ വരവ് (ആർപി-24),തൻവർഷ ചെലവ് (ആർപി -24) നീക്കിയിരിപ്പ് (ബി4-2017-18) എന്നിവയുടെ കൃത്യത

പരിശോധിക്കാനാവശ്യമായ രേഖകൾ/രജിസ്റ്ററുകൾ എന്നിവ ഹാജരാക്കിയിട്ടില്ല.

12.B-9 ഷെഡ്യൂൾ പ്രകാരം Net salary payable ഇനത്തിൽ 445372 രൂപ 2018 മാർച്ച് മാസത്തിലെ ശമ്പളം നൽകുന്നതിനായി പ്രൊവിഷൻ വെച്ചിട്ടുണ്ട്.എന്നാൽ പ്രസ്തുത തുകയ്ക്ക് ആനുപാതികമായ വൗച്ചറുകൾ ഹാജരാക്കിയിട്ടില്ല.

13.ഡെപ്പോസിറ്റ് ഇനത്തിലെ മുന്നിരിപ്പ്, വരവ്,തിരികെ നൽകിയത്,നീക്കിയിരിപ്പ് എന്നിവ വാർഷിക ധനകാര്യപത്രികയുമായി ഒത്തുനോക്കുന്നതിനായി ഡെപ്പോസിറ്റ് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

14. വൗച്ചർ നം 21700374 തീയതി 25-08-2017 പ്രകാരം ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ നൽകിയ തുക 125000 രൂപയാണ്. എന്നാൽ വാർഷിക ധനകാര്യപത്രിക RP-41 പ്രകാരം₹ 128000 രൂപ നൽകിയതായി കാണുന്നു.കൂടാതെ ഹൗസിംഗ് ലോൺ(₹2000) ,മിസിലേനിയസ് അഡ്വാൻസ് (₹32065),നിർവ്വഹണ ഏജൻസിക്കൾക്കുള്ള അഡ്വാൻസ്(₹78000),ഇലക്ട്രിസിറ്റി ഡെപ്പോസിറ്റ്(₹79943) എന്നിവയുടെ കൃത്യത പരിശോധിക്കാനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

15)താഴെ കൊടുത്ത ഫണ്ടുകൾ വാർഷിക ധനകാര്യപത്രികയും ചെലവ് സ്റ്റേറ്റുമെന്റുമായി പൊരുത്തപ്പെടുന്നില്ല.

ക്രമനം	ഇനം	വാർഷിക ധനകാര്യപത്രിക പ്രകാരം രേഖപ്പെടുത്തിയ തുക(RP-6)	ചെലവ് സ്റ്റേറ്റുമെന്റ് പ്രകാരമുള്ള തുക
1	വികസനഫണ്ട്(ജനറൽ)	152,27,666	1,60,51,706
2	വികസനഫണ്ട് -എസ് സി പി	22,86,355	23,31,355
3	മെയിന്റനൻസ് ഫണ്ട് -റോഡ്	77,44,983	80,04,983
4	മെയിന്റനൻസ് ഫണ്ട്- നോൺ റോഡ്	34,31,622	31,71,622

16.ജനറൽ പർപ്പസ് ഗ്രാന്റ് ലഭിച്ച തുകയുടെ കൃത്യത പരിശോധിക്കാനാവശ്യമായ രജിസ്റ്റർ/ട്രഷറി സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടില്ല.

17.കെഎൽജിഎസ്ഡിപി ഗ്രാന്റിന്റെ കൃത്യത പരിശോധിക്കാനാവശ്യമായ എസിആർ ലഭ്യമാക്കിയിട്ടില്ല.

18.B-11 ഷെഡ്യൂളിലെ ആസ്തി സംബന്ധിച്ച വിവരം പരിശോധിക്കാനാവശ്യമായ ആസ്തിരജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

19.RP-33 ഷെഡ്യൂൾ പ്രകാരമുള്ള Capital works in progress ലെ തുകയുടെ കൃത്യത പരിശോധിക്കാനാവശ്യമായ രേഖ ഹാജരാക്കിയിട്ടില്ല.

20. ടി എസ് ബി അക്കൗണ്ട് നം 719051400000021 ന്റെ റീകൺസിലിയേഷൻ സ്റ്റേറ്റ് ഹാജരാക്കിയിട്ടുണ്ടെങ്കിലും പ്രസ്തുത സ്റ്റേറ്റ്മെന്റിലെ നീക്കിബാക്കി തുകയല്ല ട്രഷറി സ്റ്റേറ്റുമെന്റിലെ നീക്കിബാക്കി തുക.

1-13 പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചിട്ടില്ല

കേരള മുൻസ്സിപ്പാലിറ്റി ആക്ടിലെ സെക്ഷൻ 563-എ, 565 എന്നിവ പ്രകാരമുള്ള 2003 ലെ കേരളാ മുൻസ്സിപ്പാലിറ്റി (പൗരാവകാശ രേഖ തയ്യാറാക്കൽ) ചട്ടങ്ങളിലെ ചട്ടം 4(1) അനുസരിച്ച് നഗരസഭ ജനങ്ങൾക്ക് നൽകുന്ന സേവനങ്ങൾ സംബന്ധിച്ച് ഒരു പൗരാവകാശരേഖ അച്ചടിച്ച് സൗജന്യമായി വിതരണം ചെയ്യണം. നോട്ടീസ് ബോർഡിലും പൊതുസ്ഥലങ്ങളിലും പതിച്ച് പ്രസിദ്ധപ്പെടുത്തണം. 2017-18 വർഷത്തിൽ പൗരാവകാശരേഖ പ്രസിദ്ധം ചെയ്തിട്ടില്ല.

ഭാഗം -2

വരവു കണക്കുകളിൻമേല്ലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 രശീതി പരിശോധന അപാകതകൾ

1.സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

മാന്വൽ രസീത് ബുക്കുകൾ, സാംഖ്യ രസീതുകൾ എന്നിവയുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയതിനാൽ ഓഡിറ്റ് വർഷം ലഭിച്ച രസീതുകളുടെ എണ്ണം, ഇഷ്യൂ ചെയ്ത രസീതുകൾ, ബാലൻസ് എന്നിവ പരിശോധിക്കാൻ സാധിച്ചിട്ടില്ല. 2016-17 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും സ്റ്റോക്ക് രജിസ്റ്റർ പൂർണ്ണമല്ലെന്ന് പരാമർശമുണ്ട്. രജിസ്റ്ററുകൾ ഹാജരാക്കുന്നതിന് ഓഡിറ്റ് അന്വേഷണം നമ്പർ 6/17-18 തീയതി 22.01.2019 പ്രകാരം ആവശ്യപ്പെട്ടെങ്കിലും ആയത് ഹാജരാക്കിയിട്ടില്ല. ഇങ്ങിനെ ആവശ്യമായ രേഖകൾ ഹാജരാക്കാതിരിക്കുന്നത് രശീതുകളുടെ ദുരുപയോഗ സാധ്യതക്ക് ഇടവരുത്തുന്നതിനാൽ പ്രശ്നം സൗരവമായി കാണേണ്ടതിലേക്ക് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. രജിസ്റ്ററുകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

2.ഓഡിറ്റ് വർഷം മുനിസിപ്പാലിറ്റിയിൽ ഉപയോഗിച്ച രശീതി ബുക്കുകളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3.രസീതുകൾ ക്യാൻസൽ ചെയ്യുമ്പോൾ ആയത് സ്ഥാപന മേലധികാരിയോ, സ്ഥാപന മേലധികാരി അതിനായി ഉത്തരവ് മൂലം ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനോ ക്യാൻസൽ ചെയ്യുവാനുണ്ടായ കാരണം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ ക്യാൻസൽ ചെയ്ത പല രസീതുകളും ഇപ്രകാരം സാക്ഷ്യപ്പെടുത്തിയിട്ടില്ല.ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

ക്രമ നമ്പർ	ബുക്ക് നമ്പർ	രശീതി നമ്പർ
1	98	9784
2	78	7715
3	84	8349
4	91	9020

2-2 തൊഴിൽനികുതി അപാകതകൾ

1.വികലാംഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

G.O. RT. 1366/90/LAD dated 27.3.1990 പ്രകാരം വികലാംഗരായ ജീവനക്കാർക്ക് തൊഴിൽനികുതി ഇളവ് ലഭിക്കുന്നതിനായി റിട്ടേണുകളോടൊപ്പം സർക്കാർ ആശുപത്രിയിലെ ബന്ധപ്പെട്ട സ്പെഷ്യാലിറ്റി വിഭാഗം തലവനിൽ നിന്ന് 40 ശതമാനമോ അതിൽ കൂടുതലോ അംഗവൈകല്യമുള്ളതായി സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. എന്നാൽ ഓഡിറ്റ് വർഷം ഇളവു ലഭിച്ച താഴെ പരാമർശിച്ച ജീവനക്കാരുടെ പ്രസ്തുത സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

ക്രമ നം	സ്ഥാപനം	ജീവനക്കാരന്റെ പേര്	തസ്തിക	കാലയളവ്
1	വില്ലേജ് ഓഫീസ് നിടിയേങ്ങ	റിയാസ് സി	വില്ലേജ്	1,2

			അസി.	അർദ്ധവർഷം
2	ഗവ. ഹയർസെക്കന്ററി സ്കൂൾ ,ശ്രീകണ്ഠാപുരം	രാമചന്ദ്രൻ കെ.വി	HSST	1,2 അർദ്ധവർഷം
3	ഗവ. യുപി സ്കൂൾ,പഴയങ്ങാടി	കൃഷ്ണൻ ഇ കെ	പി.ഡി ടീച്ചർ	1,2 അർദ്ധവർഷം
4	സെന്റ് ജോർജ്ജ് ഹൈസ്കൂൾ, ചെമ്പന്തൊട്ടി	ബേബിച്ചൻ ടി.ഡി	ഓഫീസ് അറ്റൻഡന്റ്	2-ാം അർദ്ധവർഷം
5	റിസർവ്വെ സൂപ്രണ്ടാഫീസ്,ശ്രീകണ്ഠപുരം	മനോജൻ കെ	ക്ലർക്ക്	1,2 അർദ്ധവർഷം
6	റിസർവ്വെ സൂപ്രണ്ടാഫീസ്,ശ്രീകണ്ഠപുരം	ഷീജ രവീന്ദ്രൻ	SGS	1,2 അർദ്ധവർഷം

ഇത് സംബന്ധിച്ച് നൽകിയ അന്വേഷണത്തിന് (6/17-18, തീയതി 18.1.2019) മറുപടിയായി സാക്ഷ്യപത്രം അടുത്ത ഓഡിറ്റ് പരിശോധനയിൽ ഹാജരാക്കുമെന്നും ഭാവിയിൽ വികലാംഗസാക്ഷ്യപത്രം ഹാജരാക്കിയാൽ മാത്രമേ തൊഴിൽനികുതി ഒഴിവാക്കുകയുള്ളൂ എന്നും അറിയിച്ചിട്ടുണ്ട്.

2.തൊഴിൽനികുതി രജിസ്റ്റർ പൂർണ്ണമല്ല

സ്ഥാപനമേധാവി സമർപ്പിച്ച റിട്ടേൺ പ്രകാരമുള്ള എല്ലാ ജീവനക്കാരുടേയും വിവരങ്ങൾ തൊഴിൽനികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല എന്നാൽ റിട്ടേൺ പ്രകാരമുള്ള തുക ഈടാക്കിയിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	സ്ഥാപനം	ജീവനക്കാരന്റെ പേര്	തസ്തിക
1	ശ്രീകണ്ഠപുരം മുനിസിപ്പാലിറ്റി	ദിലീപ്ദേവ്. പി	ഓഫീസ് അറ്റൻഡന്റ്
2	വെറ്റിനറി പോളി ക്ലിനിക്	ഹരിദാസൻ. സി	കാഷ്യൽ സ്വീപ്പർ
3	വെറ്റിനറി പോളി ക്ലിനിക്	പുഷ്പജ.കെ.വി	കാഷ്യൽ സ്വീപ്പർ
4	ബ്ലോക്ക് റിസോഴ്സ് സെന്റർ,ഇരിക്കൂർ	അഖിൽ ഇ.പി	MIS
5	ബ്ലോക്ക് റിസോഴ്സ് സെന്റർ, ഇരിക്കൂർ	ഷിമ. എ.എം	അക്കൗണ്ടന്റ്

തൊഴിൽനികുതി രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

3. ഡിമാന്റ്,കളക്ഷൻ,ബാലൻസ് തുകകൾ പൊരുത്തപ്പെടുന്നില്ല

വാർഷീക ധനകാര്യപത്രികയിലെ ഡിമാന്റ്,കളക്ഷൻ,ബാലൻസ് തുകകൾ പൊരുത്തപ്പെടുന്നില്ല. ഇവ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളുമായും പൊരുത്തപ്പെടുന്നില്ല.വിശദവിവരം ചുവടെ ചേർക്കുന്നു.

ഇനം	ഡിമാന്റ് തുക		കളക്ഷൻ		അഡ്വാൻസ് കളക്ഷൻ (2016-17 AFS)	ബാലൻസ്		റിമാർക്സ്

	AFS പ്രകാരം	രജിസ്റ്റർ പ്രകാരം	AFS പ്രകാരം	രജിസ്റ്റർ പ്രകാരം		AFS പ്രകാരം	രജിസ്റ്റർ പ്രകാരം	
തൊഴിൽ നികുതി- ജീവനക്കാർ	2365612	2371602	2345612	2232652	-	0	138950	AFS ൽ 20000/- രൂപ ബാലൻസ് ലഭിക്കേണ്ടതാണ്. (2365612-2345612)
തൊഴിൽ നികുതി- വ്യാപാരികൾ	1003514	-	319354	-	503960	42700	-	AFS ൽ 180200/- രൂപ ബാലൻസ് ലഭിക്കേണ്ടതാണ്. (1003514-(503960+319354))

ഇത് സംബന്ധിച്ച് നൽകിയ അന്വേഷണത്തിന്(10/17-18,19.01.19) മറുപടി ലഭ്യമാക്കിയിട്ടില്ല.

4. ട്രേഡേഴ്സിൽ നിന്നും തൊഴിൽനികുതി ഈടാക്കിയതിന്റെ രജിസ്റ്റർ/രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

ട്രേഡേഴ്സിൽ നിന്നും തൊഴിൽനികുതി ഈടാക്കിയത് പരിശോധിക്കാൻ ആവശ്യമായ രജിസ്റ്റർ ഹാജരാക്കുന്നതിനായി അന്വേഷണം (6/17-18, തീയതി 18.1.2019) പ്രകാരം ആവശ്യപ്പെട്ടെങ്കിലും രേഖകൾ ഹാജരാക്കുകയോ മറുപടി ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ ഈ ഇനത്തിലുള്ള വരവ് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2-3 ഡി & ഒ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1.ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

നഗരസഭാപരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ വ്യാപാരസ്ഥാപനങ്ങളുടെയും നടത്തിപ്പുകാരുടെയും വിവരങ്ങളടങ്ങിയ പട്ടിക (ട്രേഡേഴ്സ് ലിസ്റ്റ്)വാർഡ് തിരിച്ച് എഴുതി തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരം തയ്യാക്കിയിട്ടില്ല. ആയതിനാൽ തന്നെ നഗരസഭാ പരിധിയിൽ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന വ്യാപാരസ്ഥാപനങ്ങളെ കണ്ടെത്തുന്നതിന് സാധ്യമല്ല. ഇതുവഴി ഡി& ഒ ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നീ നികുതി ഇനങ്ങളിൽ വരുമാന ചോർച്ച സംഭവിക്കാൻ ഇടയുണ്ട്. ഫീൽഡ് തല പരിശോധന നടത്തി പൂർണ്ണവും കുറ്റമറ്റതുമായ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും റവന്യൂ ചോർച്ച സംഭവിക്കുന്നില്ല എന്നുറപ്പുവരുത്തേണ്ടതുമാണ്.

2.അപേക്ഷകൾ അപൂർണ്ണമാണ്

ഡി& ഒ ലൈസൻസ് പുതുക്കുന്നതിനായി സമർപ്പിച്ച അപേക്ഷകളിൽ അന്വേഷണ റിപ്പോർട്ട് ,ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ തീരുമാനം എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	വാർഡ് നം,കെട്ടിട നം	അപേക്ഷകന്റെ പേര്	സ്ഥാപനം
1	1/539	ഡിൽ ഫ്രാൻസിസ്	കച്ചവടം
2	2/1	ലോഷി ടി.ജെ	റബർ വ്യാപാരം
3	6/218	പി മൈക്കിൾ	പലചരക്ക് വ്യാപാരം

3.രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല.

ഡി & ഒ രജിസ്റ്ററിൽ സംഗ്രഹമെഴുതി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഈ വർഷത്തെ കളക്ഷന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.രജിസ്റ്ററിൽ വേണ്ട രേഖപ്പെടുത്തലുകൾ വരുത്തി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

2-4 വാടക അപാകതകൾ

1.ഗവൺമെന്റ് അംഗീകൃത ബൈലോ നിലവിലില്ല

ശ്രീകണ്ഠാപുരം നഗരസഭ നിലവിൽ വരുന്നതിന് മുൻപ് ഉണ്ടായിരുന്ന ശ്രീകണ്ഠാപുരം ഗ്രാമപഞ്ചായത്തിന്റെ 30.09.1991 ലെ 14/91 നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 13.02.1992 ൽ ബി5-1294/92/കെ.ഡി.എസ് നമ്പർ ഉത്തരവ് പ്രകാരം പഞ്ചായത്ത് ഡയരക്ടർ അംഗീകരിച്ച ഷോപ്പിംഗ് കോംപ്ലക്സ് ബൈലോ പ്രകാരമാണ് മുനിസിപ്പാലിറ്റിയുടെ കീഴിലുള്ള മുറികൾ വാടകയ്ക്ക് നൽകിവരുന്നത്. നഗരസഭയ്ക്ക് വേണ്ടിയുള്ള ബൈലോ തയ്യാറാക്കിയിട്ടില്ല. ആയത് തയ്യാറാക്കി നഗരകാര്യ ഡയറക്ടറുടെ അംഗീകാരം വാങ്ങുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

2.ബൈലോയിലെ നിബന്ധനകൾ പാലിക്കാതെ മുറികൾ വാടകയ്ക്ക് നൽകി

മേൽ ബൈലോ ഖണ്ഡിക 26 പ്രകാരം ഒരാൾക്ക് രണ്ട് മുറികളിൽ കൂടുതൽ ലേലം ചെയ്യുവാൻ പാടില്ല. എന്നാൽ ശ്രീ പാലക്കീൽ കുഞ്ഞിക്കണ്ണൻ എന്ന വ്യക്തിക്ക് 17/1343(കരാർ തീയതി 13.3.17),17/1345(കരാർ തീയതി 30.3.2017),17/ 1346(കരാർ തീയതി 30.3.2017) എന്നീ മൂന്ന് മുറികൾ 2017 ഏപ്രിൽ 1 മുതൽ 2020 മാർച്ച് 31വരെ കാലയളവിലേക്ക് വാടക പുതുക്കി നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ അന്വേഷണത്തിന് മറുപടിയായി (5/17-18,18.01.19) പ്രസ്തുത മുറികൾ ടിയാൻ പഞ്ചായത്ത് ആയിരുന്ന കാലത്ത് കൈവശം വച്ച് പോരുന്നതാണ് എന്നാണ് അറിയിച്ചിട്ടുള്ളത്. മുറികൾ വാടകയ്ക്ക് നൽകുമ്പോൾ/പുതുക്കി നൽകുമ്പോൾ ബൈലോയിലെ നിബന്ധനകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

3. വാടക രജിസ്റ്റർ, വാടക കരാർ എന്നിവ ക്രമപ്രകാരമല്ല

പരിശോധനയ്ക്ക് ലഭ്യമാക്കിയ വാടക കരാർ,വാടക രജിസ്റ്റർ എന്നിവ പ്രകാരം ഒരേ മുറികൾ തന്നെ വ്യത്യസ്ത വ്യക്തികൾക്ക് നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	വാടകക്കരാർ തീയതി	വാടകക്കാരന്റെ പേര്	റൂം നമ്പർ
1	30.3.17	എം.വി പത്മനാഭൻ	1342
2	24.3.17	ബാബു ലൂക്കോസ്	1342
3	28.3.17	വി.ഡി ജോസഫ്	1342
4	24.3.17	അബ്ദുൾ സത്താർ തെക്കൻമാരത്ത്	1385
5	25.3.18	സെക്രട്ടറി, കണ്ണൂർ ജില്ലാ ഹോമിയോപതിക് സൊസൈറ്റി	1385

ഇത് സംബന്ധിച്ച് നൽകിയ അന്വേഷണത്തിന് മറുപടിയായി (9/17-18,18.01.19) വാടക കരാർ പുതുക്കുന്ന സമയത്ത് ചില വാടകക്കാർ റൂം നമ്പർ തെറ്റായി ചേർത്തതുകൊണ്ടാണ് ഇപ്രകാരം കാണാൻ കഴിഞ്ഞത്

എന്നാണ് അറിയിച്ചിട്ടിള്ളത്. അവയുടെ യഥാർത്ഥ കെട്ടിടനമ്പർ മറുപടിയുടെ കൂടെ ഹാജരാക്കിയിട്ടുണ്ട്. എന്നാൽ മറുപടി തൃപ്തികരമല്ല. വാടക രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല എന്നാണ് ഇതിൽ നിന്ന് വ്യക്തമാകുന്നത്. ഒരേ മുറിയ്ക്കായി വ്യത്യസ്ത വ്യക്തികളുമായി കരാർ ഒപ്പുവച്ചത് ഗുരുതര വീഴ്ചയാണ്. വാടക രജിസ്റ്ററിലെ വിവരങ്ങൾ കൃത്യമാക്കാനും കരാറിലുള്ള ഇത്തരം അപാകങ്ങൾ ഒഴിവാക്കാനും ശ്രദ്ധിക്കേണ്ടതാണ്.

2-5 വസ്തുനികുതി അപാകതകൾ

1 വസ്തുനികുതി പരിഷ്കരണം പൂർത്തിയായിട്ടില്ല.

1-11-2015 പ്രാബല്യത്തിൽ പുതുതായി രൂപീകരിക്കപ്പെട്ട നഗരസഭകളിൽ വസ്തു നികുതി പരിഷ്കരണം, പെർമിറ്റ് എന്നിവ നടപ്പാക്കുന്നത് സംബന്ധിച്ച് തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 5-12-2015 ലെ 3655/2015 നമ്പർ ഉത്തരവ് പ്രകാരം സർക്കാർ മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്. ആയതു പ്രകാരം പുതുതായി രൂപീകരിക്കപ്പെട്ട നഗരസഭകളിലെ വസ്തുനികുതി 31-3-2016 വരെ പഞ്ചായത്തിന് ബാധകമാവുന്ന നിരക്കിലും 1-4-2016 മുതൽ നഗരസഭക്ക് ബാധകമാകുന്ന നിരക്കിലും ഈടാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. നിലവിൽ പഴയകെട്ടിടങ്ങൾക്ക് 2013 ലെ റിവിഷൻ പ്രകാരമുള്ള നികുതിയും പുതിയ കെട്ടിടങ്ങൾക്ക് നഗരസഭ കൗൺസിൽ നിശ്ചയിച്ച പ്രകാരമുള്ള നിരക്കുമാണ് ഈടാക്കി വരുന്നത്. നികുതിപിരിവ് കാര്യക്ഷമമായി നടപ്പിലാക്കുന്നതിനായി ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലീക ജീവനക്കാരെ നിയമിക്കുന്നതിനായി ശ്രീകണ്ഠാപുരം നഗരസഭാ സെക്രട്ടറിയുടെ 26.12.2017 ലെ ബി1-6397/17 നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ നഗരകാര്യ ഡയറക്ടർ ഇ7-2665/2018 തീയതി 26.02.2018 നടപടിക്രമം പ്രകാരം 15 താൽക്കാലീക ജീവനക്കാരെ നിയമിക്കുന്നതിന് വേണ്ടി അനുമതി നൽകിയിട്ടുണ്ട്. ആയത് പ്രകാരം ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. എങ്കിലും നികുതി പരിഷ്കരണം, ഡാറ്റാ എൻട്രി വർക്കുകൾ എന്നിവ പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. ഇവ പൂർത്തിയാക്കി നികുതി വരവ് കാര്യക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

2 രേഖകൾ ഹാജരാക്കിയില്ല

2017-18 AFS പ്രകാരമുള്ള ഡിമാന്റ് കളക്ഷൻ ബാലൻസ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഇനം	ഡിമാന്റ്	കളക്ഷൻ	ബാലൻസ്	റിമാർക്സ്
വസ്തുനികുതി (തൻവർഷം)	4668016	3804359	904340	863657 രൂപയാണ് ബാലൻസ് ലഭിക്കേണ്ടത് (₹4668016-₹3804359)
വസ്തുനികുതി (കുടിശ്ശിക)	1353118(2016-17 AFS പ്രകാരം)	1304814	-	48304 രൂപയാണ് ബാലൻസ് ലഭിക്കേണ്ടത്(₹1353118-₹1304814)

മേൽ വരവ് പരിശോധിക്കാനവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

3. 2017-18 വർഷത്തെ വസ്തുനികുതി സഞ്ചയയിൽ ഡിമാന്റ് ചെയ്തിട്ടില്ല

സഞ്ചയ പരിശോധിച്ചതിൽ നിന്നും കെട്ടിടങ്ങൾക്ക് 2017-18 വർഷം നികുതി ഡിമാന്റ് ചെയ്തതായി കാണുന്നില്ല. കൂടാതെ കുടിശ്ശിക ഇനത്തിൽ തുക ഒടുക്കുവാൻ ബാക്കിയുണ്ട്. എന്നാൽ ബാലൻസ് ഷീറ്റ് പ്രകാരം കുടിശ്ശിക ഇനത്തിൽ തുക ഒടുക്കുവാൻ ബാക്കിയില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

കെട്ടിട നമ്പർ	വസ്തുനികുതി (വാർഷീകം)രൂപ	ബാലൻസ്	റിമാർക്സ്
17/1569	546	2184	2013 മുതൽ ഒടുക്കാൻ ബാക്കിയുണ്ട്(546*4=2184)
1/240 B	1941	7764	2013 മുതൽ ഒടുക്കാൻ ബാക്കിയുണ്ട്(1941*4=7764)

2/223	273	1092	2013 മുതൽ ഒടുക്കാൻ ബാക്കിയുണ്ട്(273*4=1092)
4/3B	11159	31246	2013(ഭാഗീകം),2015,2016 എന്നീ വർഷങ്ങളിൽ ഒടുക്കിയിട്ടില്ല(8928+11159+11159=31246)

4. ഡി & ഒ ലൈസൻസ് എടുത്തിട്ടുള്ള ചില കെട്ടിടങ്ങളുടെ വിവരം സഞ്ചയ സോഫ്റ്റ്‌വെയറിൽ ലഭ്യമല്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

ക്രമ നമ്പർ	കെട്ടിട നമ്പർ	ലൈസൻസിയുടെ പേര്	സ്ഥാപനം
1	17/1817	സഫദ് കെ.പി	ജെന്റ്സ് ബ്യൂട്ടിപാർലർ
2	5/58 A,C	ബിനു ജോസഫ്	ഇലക്ട്രിക്കൽ & പ്ലംബിംഗ് സാധനങ്ങളുടെ വിൽപ്പന
3	17/A,B,C	അജയ്കുമാർ ടി.പി	ടൂ വീലർ ഷോറും

ഫീൽഡ് തല പരിശോധന നടത്തി നഗരസഭാപരിധിയിലുള്ള മുഴുവൻ കെട്ടിടങ്ങളുട വിവരവും സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ അന്വേഷണത്തിന് മറുപടി (25/17-18,24.1.2019) ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ 2017-18 വർഷത്തെ വസ്തുനികുതി ഇനത്തിലെ വരവ് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2-6 പാരാമെഡിക്കൽ രജിസ്ട്രേഷൻ പുതുക്കുന്നില്ല

1997 ലെ കേരള മുനിസിപ്പാലിറ്റി(സ്വകാര്യ ആശുപത്രികളുടേയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ 1997 ചട്ടം 5(1) പ്രകാരം ഒരു മുനിസിപ്പാലിറ്റിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു സ്വകാര്യ ആശുപത്രികളുടേയോ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനത്തിന്റെയോ രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുമ്പായി പുതുക്കേണ്ടതാണ്. എന്നാൽ താഴെ പറയുന്ന പാരാമെഡിക്കൽ സ്ഥാപനങ്ങൾ 2017-18 വർഷം പാരാമെഡിക്കൽ ലൈസൻസ് ഫീസ് ഒടുക്കിയിട്ടുണ്ടായിരുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	സ്ഥാപനം
1	റോയൽ മെഡിക്കൽ ലാബ്
2	സാൻജോസ് ദന്താശുപത്രി
3	ശ്രീലയം ഹോമിയോക്ലീനിക്
4	ഡോ.ശ്രീജ കെ.പി, ആയുർവേദ ഫാർമസി,ക്ലിനിക്

ഇത് സംബന്ധിച്ച് നൽകിയ അന്വേഷണത്തിന്റെ(14/17-18,21.01.2019) അടിസ്ഥാനത്തിൽ മേൽ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ട്. ഇതിൽ ക്രമനമ്പർ 3,4 ആയ സ്ഥാപനങ്ങൾക്കെതിരെ 2016-17 വർഷ ഓഡിറ്റ് റിപ്പോർട്ടിൽ ലൈസൻസെടുക്കാതെ പ്രവർത്തിച്ചതിന്റെ പേരിൽ പരാമർശമുണ്ട്. ഇപ്രകാരം ഓഡിറ്റ് കണ്ടെത്തിലിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രേഷൻ എടുക്കുന്ന/പുതുക്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്. മുൻസിപ്പാലിറ്റി പരിധിയിലുള്ള രജിസ്ട്രേഷൻ ഇല്ലാതെ/പുതുക്കാതെ പ്രവർത്തിക്കുന്ന

മുഴുവൻ സ്വകാര്യ ആശുപത്രികളേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളേയും കണ്ടെത്തി ലൈസൻസ് ഫീസ് ഈടാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്,

2-7 മുൻസിപ്പാലിറ്റി റോഡിന്റെ പാർശ്വങ്ങളിൽ ഓപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപിക്കൽ- യൂസേഴ്സ് ഫീസ് ഈടാക്കുന്നില്ല.

1994 ലെ കേരളമുൻസിപ്പാലിറ്റി ആക്ട് 368(3) വകുപ്പ് പ്രകാരം മുനിസിപ്പാലിറ്റിയിൽ നിക്ഷിപ്തമായിരിക്കുന്ന റോഡിന്റെ പാർശ്വങ്ങളും തെരുവിന്റെ അരികുകളും കൈവശം വയ്ക്കുന്നതിനായി യുക്തമെന്ന് തോന്നുന്ന വ്യവസ്ഥകളിൻമേലും നിബന്ധനകളിൻമേലും നിശ്ചിതകാലത്തേക്ക് പ്രത്യേകവാടക/യൂസേഴ്സ് ഫീ ഈടാക്കിക്കൊണ്ട് പാട്ടത്തിന് നൽകാൻ നഗരസഭയ്ക്ക് അധികാരമുണ്ട്. ഓഡിറ്റ് വർഷം മുൻസിപ്പാലിറ്റിയുടെ കീഴിലുള്ള റോഡുകളിൽ ഓപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപിക്കുന്നതിനായി റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് , ബി.എസ്.എൻ.എൽ എന്നീ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

1. റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് കമ്പനിയുടെ ഒപ്റ്റിക്കൽ ഫൈബർ കേബിൾ മുൻസിപ്പാലിറ്റിയുടെ കീഴിലുള്ള താഴെ പറയുന്ന റോഡുകളിൽ സ്ഥാപിക്കുന്നതിനുള്ള അനുമതിക്കായി മേൽ കമ്പനി RJIL/OFC/ROW/KL/NLD/5ALM/SREEKANDAPURAM/MC/6009 dtd 10.05.2017 കത്ത് പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

ക്രമ നമ്പർ	റോഡ്	ദൂരം(കി.മീ)	റിസ്റ്റോറേഷൻ തുക
1	എ്ച്ചേരി അലക്സ് നഗർ റോഡ്	3	336820
2	പൂവ്വം സമരക്കുന്ന് റോഡ്	.8	513710
3	കൂട്ടുമുഖം എളളരിഞ്ഞി റോഡ്	.7	59392
	ആകെ	4.5	909922

ആയതിന്റെ അടിസ്ഥാനത്തിൽ 30.08.2017 തീയതിയിലെ കൗൺസിൽ തീരുമാനം നമ്പർ 11 പ്രകാരം റോഡ് പുനസ്ഥാപിക്കുന്നതിനായി നഗരസഭ എഞ്ചീനീയർ കണക്കാക്കിയ 909922/- രൂപ മുൻകൂർ ഈടാക്കിക്കൊണ്ട് OFC സ്ഥാപിക്കുന്നതിന് അനുമതി നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ഇത് പ്രകാരം 4.10.2017 തീയതിയിൽ മേൽ തുക ഒടുക്കുകയും (ഡി.ഡി നം.487476) 11.10.2017 തീയതിയിൽ കരാർ ഒപ്പുവയ്ക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറിയുടെ 11.10.2017 തീയതിയിലെ എ5-3721/17 നം കത്ത് പ്രകാരം OFC സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

2. ബി.എസ്.എൻ.എൽ ഉപഭോക്താക്കൾക്ക് വേണ്ടി ഐച്ചേരി ടെലഫോൺ എക്സ്ചേഞ്ച് മുതൽ അലക്സ് നഗർ വരെയുള്ള മുൻസിപ്പൽ റോഡിന് സമീപം OFC സ്ഥാപിക്കുന്നതിനായി തളിപ്പറമ്പ് സബ്ഡിവിഷണൽ എഞ്ചീനീയർ 14.09.2017 തീയതിയിലെ SDE TIM TMB/Road Permit/2017-18/02 കത്ത് പ്രകാരം ആവശ്യപ്പെട്ടതനുസരിച്ച് 30.10.2017 തീയതിയിലെ 13-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം എഗ്രിമെന്റ് വച്ച് റോഡ് പുനസ്ഥാപിക്കുന്നതിനായി നഗരസഭ എഞ്ചീനീയർ കണക്കാക്കിയ 192209/- രൂപ മുൻകൂർ ഈടാക്കിക്കൊണ്ട് OFC സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. എന്നാൽ നഗരസഭ BSNL മായി ചമച്ച

കരാർ, റിസ്റ്റോറേഷൻ ചാർജ്ജ് ഒടുക്കിയിതിന്റെ രേഖകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ അന്വേഷണത്തിന് (23/17-18, 23.01.2019)മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ വകുപ്പ് പ്രകാരം റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് , ബി.എസ്.എൻ.എൽ എന്നീ സ്ഥാപനങ്ങളിൽ നിന്നും യൂസേഴ്സ് ഫീ ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച തുടർനടപടികൾക്കായി നഗരസഭാകൗൺസിലിന്റെ ശ്രദ്ധക്ഷണിക്കുന്നു.

ഭാഗം -3

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1 അംഗനവാടികൾക്ക് സ്റ്റീൽ ,പ്ലേറ്റ് ഗ്ലാസ് വാങ്ങി നൽകൽ-പദ്ധതിയിൽ കുട്ടികളുടെ ശരാശരി എണ്ണം പരിഗണിച്ചില്ല.

2017-18 വർഷം നഗരസഭയിലെ വിവിധ അംഗനൻവാടികൾക്ക് ഗ്ലാസും പ്ലേറ്റും വാങ്ങിച്ച് നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് വിശദവിവരം ചുവടെ കൊടുക്കുന്നു.

പ്രൊജക്ടിന്റെ പേര്	അംഗനവാടികൾക്ക് സ്റ്റീൽ പ്ലേറ്റും ഗ്ലാസും വാങ്ങി നൽകൽ
പ്രൊജക്ട് നമ്പർ	31/2018
അടങ്കൽ	408000(തനത്)
ബിൽ നമ്പർ/ തീയതി-തുക	ചെക്ക് നമ്പർ 1042522 തീയതി 11-01-2018 408000

ഇന്നർ സോൺ ഏജൻസീസ് ,ചെറുവത്തൂർ എന്ന സ്ഥാപനത്തിൽ നിന്നും 3150 എണ്ണം പ്ലേറ്റ് ആന്റ് ഗ്ലാസ് 116.21 രൂപ നിരക്കിൽ വിതരണം ചെയ്തിട്ടുണ്ട്. ജി എസ് ടി അടക്കം ആകെ 408000 രൂപ നൽകിയിട്ടുണ്ട്. ആകെ 34 അംഗൻവാടികൾക്ക് 92 ഗ്ലാസും 92 പ്ലേറ്റും നൽകിയിട്ടുണ്ട്. എന്നാൽ അംഗൻവാടികളിൽ നിന്നും ലഭ്യമാക്കിയ വിവരം പ്രകാരം പല അംഗൻവാടികളിലേയും കുട്ടികളുടെ എണ്ണത്തിന് അനുസരിച്ചല്ല ഗ്ലാസും പ്ലേറ്റും വാങ്ങുകയും വിതരണം ചെയ്യുകയും ചെയ്തിട്ടുള്ളത്. ഇത് സംബന്ധിച്ച് വിശദവിവരം ചുവടെ കൊടുക്കുന്നു.

ക്രമ നം	കോഡ് നം	അംഗൻവാടിയുടെ പേര്	വർഷം/കുട്ടികളുടെ എണ്ണം 2015-16	വർഷം/കുട്ടികളുടെ എണ്ണം 2016-17	വർഷം/കുട്ടികളുടെ എണ്ണം2017-18
1	63	കരയത്തുംച്ചാൽ	19	18	18
2	64	കൊക്കായി	15	13	14
3	65	ഓടക്കുണ്ട്	33	33	32
4	66	നിടിയേങ്ങ	45	35	34
5	67	പെരുമ്പറമ്പ്	13	12	13
6	68	സ്വാമിമഠം	30	26	24
7	69	ചെമ്പന്തൊട്ടി	15	12	15
8	70	കോറങ്ങോട്	11	12	11
9	71	കൊട്ടൂർവയൽ	15	19	22
10	72	ചെർപ്പിണി	18	17	17
11	73	ചേപ്പറമ്പ്	34	36	37

12	74	കാവുംമ്പായി	24	27	20
13	75	ലിസിഗിരി	32	27	20
14	76	കാംകോളനി	15	10	9
15	77	ഐച്ചേരി	18	22	15
16	78	രാജീവ് നഗർ	13	13	11
17	79	മാപ്പിനി	64	37	36
18	80	എള്ളരഞ്ഞി	17	15	14
19	81	കൊയിലി	20	20	18
20	82	ചെരിക്കോട്	14	13	9
21	83	മടമ്പം	25	25	25
22	84	പഴയങ്ങാടി	16	12	11
23	85	ശ്രീകണ്ഠാപുരം	16	22	19
24	86	ആവണക്കോൽ	16	23	23
25	87	പന്നിയോട്ടുമൂല	14	18	18
26	88	പഞ്ചാമൂല	15	14	15
27	89	വയക്കര	23	14	17
28	90	വയക്കര മദ്രസ	15	16	15
29	91	മൈക്കിൾഗിരി	20	22	23
30	92	ആലക്കുന്ന്	26	22	20
31	93	കാഞ്ഞിലേരി	30	24	22
32	94	കംബ്ലാർ	16	16	16
33	95	ചെരിങ്ങോട്ട്	15	15	13
34	96	നെല്ലിക്കുന്ന്	23	20	16
ആകെ			735	680	642

2015-16, 2016-17, 2017-18 വർഷങ്ങളിൽ വിവിധ അംഗൻവാടികളിൽ ഉണ്ടായിരുന്ന കുട്ടികളുടെ എണ്ണത്തെക്കാൾ കൂടുതൽ എണ്ണം ഗ്ലാസും പ്ലേറ്റും വാങ്ങിച്ചിട്ടുണ്ട്. നഗരസഭയിൽ മേൽ കൊടുത്ത മൂന്ന് വർഷങ്ങളിലെ ശരാശരി കുട്ടികളുടെ എണ്ണം പരിഗണിക്കുകയാണെങ്കിൽ 685 കുട്ടികൾ മാത്രമാണുള്ളത്. കുട്ടികളുടെ എണ്ണത്തേക്കാൾ കൂടുതൽ പ്ലേറ്റും ഗ്ലാസും വാങ്ങിച്ചതിന്റെ കാരണം അന്വേഷിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (26/2017-18 തീയതി 28-01-2019)മറുപടിയായി പ്ലാസ്റ്റിക്ക് ഉപയോഗം കുറയ്ക്കുക എന്ന ഉദ്ദേശ്യത്തിനായി പൊതുജനങ്ങൾക്ക് താല്ക്കാലികമായി നൽകുന്നതിന് കൂടി ഉദ്ദേശിച്ചിട്ടാണ് പദ്ധതി തയ്യാറാക്കിയതെന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ അംഗീകരിച്ച പ്രൊജക്ടിൽ പ്രസ്തുത വിവരം രേഖപ്പെടുത്തിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് മിനുട്സിൽ ഇത് ചർച്ച ചെയ്യുകയോ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. പദ്ധതി പൂർത്തീകരണത്തിന് ശേഷം മോണിറ്ററിംഗ് നടത്തിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.അംഗൻവാടികളിൽ പ്രസ്തുത ഗ്ലാസും പ്ലേയിറ്റും സ്റ്റോക്കിലെടുത്തതിന്റെ വിവരവും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.അംഗൻവാടികൾ പൊതുജനങ്ങൾക്ക് ഗ്ലാസും പ്ലേറ്റും വിതരണം ചെയ്തതിന്റെ രേഖകളും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.പ്രസ്തുത രേഖകൾ പരിശോധനക്ക് ലഭ്യമാക്കാത്തതിനാൽ ചെലവ് തുക 408000 രൂപ തടസപ്പെടുത്തുന്നു.

3-2 സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.ചെലവ് തുക 190284 രൂപ തടസപ്പെടുത്തുന്നു.

നഗരസഭയുടെ വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ്ലൈറ്റ് സ്ഥാപിക്കുന്നതിന് ഓവനിക്ക് (OVENIC) ഫസ്റ്റ് ഫ്ലോർ വിജയബാങ്ക്, ന്യൂമാഹി എന്ന സ്ഥാപനത്തിൽ നിന്നും ഒരെണ്ണത്തിന് 3330 രൂപ നിരക്കിൽ സ്ട്രീറ്റ്ലൈറ്റ് വാങ്ങുന്നതിന് നഗരസഭയുടെ 28-03-2018 തീയതിയിലെ 57/2017(10) നമ്പർ പ്രകാരം തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 2017-18 വർഷം 60 എണ്ണം തെരുവ് വിളക്കുകൾ വാങ്ങിക്കുകയുണ്ടായി. ആയതിന്റെ വിശദവിവരം ചുവടെ കൊടുക്കുന്നു.

പ്രൊജക്ടിന്റെ പേര്	വിവിധ സ്ഥലങ്ങളിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കൽ
പ്രൊജക്ട് നമ്പർ	S0134/2018
ബിൽ നമ്പർ/ തീയതി-തുക	4/2017-18 തീയതി 30-06-2017 199798
ചെലവ് വിവരം	60 തെരുവ് വിളക്കുകളുടെ വില-190284 രൂപ നികുതി-9514 രൂപ

പ്രസ്തുത പദ്ധതി സംബന്ധിച്ച് താഴെ കൊടുത്ത രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

1. തെരുവ് വിളക്കുകൾ സ്റ്റോക്കിലെടുത്തതിന്റെ രേഖ

2. കെ എസ് ഇ ബി യുമായി സംയുക്തപരിശോധന നടത്തിയതിന്റെ രേഖ

3. പുതുതായി എത്ര വിളക്കുകൾ സ്ഥാപിച്ചുവെന്ന് വ്യക്തമാക്കുന്ന കെ.എസ്.ഇ.ബിയിൽ നിന്നും ലഭിച്ച ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് വാങ്ങിച്ച തെരുവ് വിളക്കുകളുടെ ഇനം, വില എന്നിവ വ്യക്തമാക്കുന്ന രേഖകൾ.

4. പ്രൊജക്ട് മോണിറ്ററിംഗ് നടത്തിയതിന്റെ രേഖ.
മേൽ രേഖകളുടെ അഭാവത്തിൽ ചെലവ് തുക 190284 രൂപ തടസപ്പെടുത്തുന്നു. രേഖകൾ പരിശോധനക്ക് ലഭ്യമാക്കി തടസം ഒഴിവാക്കേണ്ടതാണ്.

3-3 നഗരസഭാ ഓഫീസിലേക്ക് ഫോട്ടോ കോപ്പിയർ വാങ്ങൽ-നടപടിക്രമം പാലിച്ചില്ല.

പ്രൊജക്ടിന്റെ പേര്	നഗരസഭാ ഓഫീസിലേക്ക് ഫോട്ടോ കോപ്പിയർ വാങ്ങൽ-
പ്രൊജക്ട് നമ്പർ	130/2018
അടങ്കൽ	100000(തനത് ഫണ്ട്)
വൗച്ചർ നമ്പർ/ തീയതി/തുക	21700342/04-08-2017 71379

നഗരസഭാ ഓഫീസിലേക്ക് ഫോട്ടോ കോപ്പിയർ വാങ്ങൽ എന്ന പദ്ധതിക്ക് വേണ്ടി താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ടെണ്ടർ സ്വീകരിക്കുകയും ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനത്തിന്

ടെണ്ടർ നൽകാതെ തൊട്ടടുത്ത നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനമായ കോർപ്പറേറ്റ് ബിസിനസ് സെലൂഷൻസിനാണ് ടെണ്ടർ നൽകിയിട്ടുള്ളത്.ഇത് സംബന്ധിച്ച് വിശദവിവരം ചുവടെ കൊടുക്കുന്നു.

സ്ഥാപനത്തിന്റെ പേര്	ക്വോട്ട് ചെയ്ത നിരക്ക്
കോർപ്പറേറ്റ് ബിസിനസ് സെലൂഷൻ	71379
വെൽകെയർ സോലൂഷൻ	77700
അഫിനിറ്റി ഐടി സിസ്റ്റംസ്	58000
എൻകോർ മാർക്കറ്റിംഗ്,കണ്ണൂർ	78890

കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത അഫിനിറ്റി ഐടി സിസ്റ്റംസ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ നിരസിച്ചതിനുള്ള കാരണം വ്യക്തമാക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(30/2017-18 തീയതി 28-01-2019) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത സ്ഥാപനത്തിന്റെ ടെണ്ടർ നിരസിക്കുന്നതിന് പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനമെടുത്തിട്ടില്ല. നഗരസഭയുടെ 16-01-2018 തീയതിയിലെ 2/2017(35) നമ്പർ തീരുമാനപ്രകാരം അഫിനിറ്റി ഐ ടി സിസ്റ്റം സമർപ്പിച്ച ടെണ്ടർ നിരസിക്കാൻ തീരുമാനിച്ചിട്ടുണ്ടെങ്കിലും വ്യക്തമായ കാരണം രേഖപ്പെടുത്തിയിട്ടില്ല. വ്യക്തമായ കാരണം രേഖപ്പെടുത്താതെ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തെ ഒഴിവാക്കിയിതിനാൽ നഗരസഭയ്ക്ക് അധികം ചെലവായ 13379 രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു.വ്യക്തമായ കാരണം രേഖാമൂലം അറിയിച്ച് തടസം ഒഴിവാക്കേണ്ടതാണ്.

3-4 ശമ്പള പരിഷ്ക്കരണ കുടിശ്ശിക നൽകിയത്- സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

സ.ഉ(പി)07/2016/ധന തീയതി20-01-2016 പ്രകാരം ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

ജീവനക്കാർ 01-07-2014 മുതൽ 31-01-2016 വരെ ജോലിചെയ്ത സ്ഥാപനങ്ങളിൽ നിന്നുള്ള ശമ്പളം കൈപറ്റിയതിന്റെ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല. പ്രസ്തുത രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

1.ഒന്നാം ഗഡു നൽകിയതിന്റെ വൗച്ചർ-21700030/20-04-2017-₹86359

2.ഒന്നാം ഗഡു നൽകിയതിന്റെ വൗച്ചർ-21700031/20-04-2017-₹124144

3.ഒന്നാം ഗഡു നൽകിയതിന്റെ വൗച്ചർ-21700034/20-04-2017-₹53681

ക്രമ നമ്പർ	ജീവനക്കാരന്റെ പേര്	തസ്തിക	ശമ്പള പരിഷ്കരണം ഒന്നാം ഗഡു
1	മുരളീധരൻ കെ വി	ക്ലാർക്ക്	25108
2	പ്രിയേഷ് കെ പി	ക്ലാർക്ക്	2571
3	പ്രദീപൻ ഐ വി,	ക്ലാർക്ക്	11473
4	കുഞ്ഞിരാമൻ ടി വി	ഓഫീസ് അറ്റൻൻറ്	20857

5	ഉണ്ണികൃഷ്ണൻ പി പി	ക്ലാർക്ക്	26350
6	സുമതി എം കെ	ജെ എസ്	39413
7	ദിവാകരൻ ടി	അക്കൗണ്ടന്റ്	21890
8	ഷാജി കെ കെ	സീനിയർ ക്ലാർക്ക്	19466
9	ആദർശ് വിബി	ക്ലാർക്ക്	14101
10	അബ്ദുൾ അസീസ് കെ പി	ക്ലാർക്ക്	18469
11	ഉത്തമൻ	പി ടി എസ്	10805
12	എം പി മോഹനൻ	സെക്രട്ടറി	53681
ആകെ			264184

ജോലിചെയ്ത സ്ഥാപനങ്ങളിൽ നിന്നുള്ള ശമ്പളം കൈപറ്റിയതിന്റെ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ ആയത് ഹാജരാക്കേണ്ടതാണ്. മാത്രമല്ല ശമ്പള പരിഷ്കരണത്തിന്റെ രണ്ടാം ഗഡു നൽകിയതിന്റെ വൗച്ചറുകളും സാക്ഷ്യപത്രവും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

3-5 മഞ്ഞപ്പാറ-കുടിവെള്ള പദ്ധതി (എസ് സി) പൂർത്തീകരണം-അനുബന്ധരേഖകൾ ലഭ്യമാക്കിയില്ല.

മഞ്ഞപ്പാറ കുടിവെള്ള പദ്ധതി പൂർത്തീകരണത്തിനായി 2017-18 വർഷം താഴെ കൊടുത്ത പ്രകാരം തുക ചെലഴിച്ചിട്ടുണ്ട്.

പ്രോജക്ട് നം.	244/2018
പ്രോജക്ടിന്റെ പേര്	മഞ്ഞപ്പാറ-കുടിവെള്ള പദ്ധതി (എസ് സി) പൂർത്തീകരണം
അടങ്കൽ	110000
ചെലവ് ബിൽ നം/ തീയ്യതി/തുക	102000 22/2017-18/27-02-2018 /- 102000
നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി

എക്സിക്യൂട്ടീവ് എഞ്ചിനീയർ,കേരള വാട്ടർ സപ്ലൈ ഡിവിഷൻ,തളിപ്പറമ്പയുടെ എസ് ബി ഐ തളിപ്പറമ്പ ബ്രാഞ്ചിലെ അക്കൗണ്ട് നമ്പർ 67338447404 ലേക്ക് 102000 രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. പെരുവളത്ത് പറമ്പ് -മഞ്ഞപ്പാറയിലെ പട്ടികജാതി വിഭാഗത്തിലുള്ള കുടുംബങ്ങൾക്ക് കുടിവെള്ളം എത്തിക്കുന്നതിനുള്ള പദ്ധതിയാണിത്.

ആയതിന് വേണ്ടി വാട്ടർ അതോറിറ്റിയുടെ എസ്റ്റിമേറ്റ് പ്രകാരം തുക നൽകിയിട്ടുണ്ട്.

അടങ്കൽ	വർക്കിംഗ് ചാർജ്	സെന്റേജ് ചാർജ്	മറ്റ് ചാർജ്
125000	109012	13626	236

ഇത് സംബന്ധിച്ച അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1.വാട്ടർ അതോറിറ്റിയുമായി കരാർ ചമച്ചതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

2.ജി.ഒ.(പി)13/2012/PWDതീ.01.02.2012പ്രകാരം പൊതുമരാമത്ത് മാനുവൽ നിലവിൽ വന്നിട്ടുണ്ട്.ഡെപ്പോസിറ്റ് വർക്കുകൾക്ക് PWDയിൽ 2.5%സെന്റേജ് ചാർജ് നൽകേണ്ടതില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പൊതുമരാമത്ത് മാനുവൽ വാട്ടർ അതോറിറ്റിക്കും ബാധകമാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (31/2017-18 തീയതി 28-01-2019) മറുപടിയായി നഗരസഭ വാട്ടർ അതോറിറ്റിയുമായി കരാർ ചമച്ചതിന്റ രേഖകൾ ലഭ്യമല്ലെന്നും അധികമായി നൽകിയ സെന്റേജ് ചാർജ് ഈടാക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതി പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചതായി മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. കരാർ ചമച്ചതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതും അധികം നൽകിയ തുക ഈടാക്കുകയോ ക്രമീകരിക്കുകയോ ചെയ്യേണ്ടതുമാണ്.

3-6 വിവിധ ടെണ്ടറുകൾക്ക് പത്രപരസ്യം നൽകിയത് -ഗവൺമെന്റ് നിർദേശപ്രകാരമുള്ള ഡിസ്കൗണ്ട് ലഭ്യമായിട്ടില്ല

ജി.ഒ(പി)നം.17/15/I&PRD dated 8.12.15 പ്രകാരം സർക്കാർ സ്ഥാപനങ്ങൾക്ക് എല്ലാത്തരം പത്രപ്പരസ്യങ്ങൾക്കും 15% ഡിസ്കൗണ്ട് അനുവദിക്കേണ്ടതാണ്. എന്നാൽ താഴെ പറയുന്ന പത്രപരസ്യങ്ങൾക്ക് ഡിസ്കൗണ്ട് ലഭിച്ചിട്ടില്ല.

വൗച്ചർ നമ്പർ/ തീയതി	തുക	ഇനം
21700371/25-08-2017	2200	വിവിധ പദ്ധതികൾ ടെണ്ടർ ചെയ്യുന്നതിനുള്ള പരസ്യം നൽകിയതിന്.
21700551/20-11-2017	4620	വിവിധ പദ്ധതികൾ ടെണ്ടർ ചെയ്യുന്നതിനുള്ള പരസ്യം ചന്ദ്രിക ദിനപത്രത്തിന് നൽകിയത്.
21700216/01-07-2017	3200	ടെണ്ടർ പരസ്യം നൽകിയ വകയിൽ
21700154/14-06-2017	11975	പൊതുമരാമത്ത് പ്രവൃത്തി -ടെണ്ടർ പരസ്യം നൽകിയത്-വീക്ഷണം
21700049/20-04-2017	5000	വിവിധ പദ്ധതികളുടെ ടെണ്ടർ പരസ്യം നൽകിയത്-മംഗളം
21700684/22-01-2018	2100	തേക്ക് മരം മുറിച്ച് ലേലം ചെയ്യുന്നതിനുള്ള പരസ്യം
21700691/25-01-2018	5326	ടെണ്ടർ പരസ്യം നൽകിയ വകയിൽ മാതൃഭൂമി ദിനപത്രത്തിന് നൽകിയത്.
21700692/25-01-2018	3200	നഗരസഭയിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിന് പരസ്യം നൽകിയ വകയിൽ കേരള കൗമുദി പത്രത്തിന് നൽകിയത്.

പ്രസ്തുത പരസ്യങ്ങൾക്ക് ഡിസ്കൗണ്ട് ലഭിക്കാത്തതിന് കാരണം വ്യക്തമാക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(19/2017-18 തീയതി 21-01-2019) മറുപടിയായി പത്രസ്ഥാപനങ്ങൾ ഡിസ്കൗണ്ട് കുറവ് ചെയ്തതിന് ശേഷമുള്ള തുകയാണ് ബില്ലിൽ രേഖപ്പെടുത്തിയിട്ടുള്ളതെന്നാണ് അറിയിച്ചിട്ടുള്ളത്. തുടർ വർഷങ്ങളിൽ പത്രപരസ്യം നൽകുമ്പോൾ ലഭിക്കുന്ന ബില്ലിൽ ഡിസ്കൗണ്ട് വിവരം കൂടി രേഖപ്പെടുത്തി വാങ്ങിക്കേണ്ടതാണ്.

3-7 കശുമാവ് ഒട്ടതൈകൾ വിതരണം-അപേക്ഷ സ്വീകരിച്ചതിന് മുമ്പേ ഗുണഭോക്താക്കൾ വാങ്ങിച്ച തൈകൾക്ക് ആനുകൂല്യം നൽകി, ലക്ഷ്യം കൈവരിച്ചില്ല.

[പ്രോജക്ട് നമ്പർ- S0019/18, അടങ്കൽ 90000 രൂപ, (തനത് ഫണ്ട് -40450,വികസന ഫണ്ട് -4550, ഗുണഭോക്തൃ വിഹിതം- 45000) ചെലവ് തുക- 8100 രൂപ (ഗുണഭോക്തൃ വിഹിതം ഒഴികെ)]

ബിൽ നമ്പർ- 4/2017-18 തീയ്യതി 12-1-18, 4550രൂപ

3550 രൂപ (തനത് ഫണ്ട്)

ചെറുകിട പരിമിത കർഷകർ, സ്വന്തമായി 50 സെന്റ് കൃഷി ഭൂമി, കശുമാവ് കൃഷിയിൽ താല്പര്യമുള്ളവർ എന്നീ വിഭാഗത്തിൽ പെടുന്ന ഗുണഭോക്താക്കൾക്ക് 3000 കശുമാവ് ഒട്ട്തൈകൾ വിതരണം ചെയ്യുകയാണ് പ്രോജക്ട് ലക്ഷ്യം.

പ്രോജക്ട് നടത്തിപ്പിലെ ന്യൂനതകൾ

i) 3000 കശുമാവ് ഒട്ട്തൈകൾ വിതരണം ചെയ്യാനാണ് ലക്ഷ്യമിട്ടതെങ്കിലും 464 തൈകൾ മാത്രമാണ് നേരിട്ട് ഗുണഭോക്താക്കൾ വാങ്ങിച്ചത്.

ii) ഗുണഭോക്താക്കൾ ആനുകൂല്യത്തിനായി അപേക്ഷ സമർപ്പിക്കുന്നതിനും വാർഡ് സഭ വ്യക്തിഗത/ ഗ്രൂപ്പ് ആനുകൂല്യങ്ങൾക്കുള്ള ഗുണഭോക്താക്കളെ അംഗീകരിക്കുന്നതിനും മുമ്പ് തന്നെ കശുമാവ് ഒട്ട്തൈകൾ വാങ്ങിച്ചിട്ടുണ്ട്. ആയതിന്റെ വിശദവിവരം താഴെ കൊടുക്കുന്നു.

ക്ര.ന	അപേക്ഷകരുടെ പേര്	അപേക്ഷ സമർപ്പിച്ച തീയ്യതി	കശുമാവ് ഒട്ട്തൈകൾ വാങ്ങിച്ചതിന്റെ വിശദാംശങ്ങൾ	തൈകളുടെ എണ്ണം / തുക (ഗുണഭോക്താവ് സ്ഥാപനത്തിൽ ഒടുക്കിയത്)
1	ഇന്ദിര കെ പി	12-8-17	ഇരിക്കൂർ ബ്ലോക്ക് ആഗ്രോ സർവീസ് സെന്റർ സൊസൈറ്റി & ഇൻപുട്ട് സെന്റർ, ശ്രീകണ്ഠാപുരം ബിൽ നമ്പർ-239/21-6-17	40എണ്ണം X 35= 1400
2	യദുനാഥൻ.സിവി	ഇല്ല	ഇരിക്കൂർ ബ്ലോക്ക് ആഗ്രോ സർവീസ്	30എണ്ണം X 35= 1050

			സെന്റർ സൊസൈറ്റി & ഇൻപുട്ട് സെന്റർ, ശ്രീകണ്ഠാപുരം ബിൽ നമ്പർ-342/21-6-17	
3	തോമസ് കെ സി	ഇല്ല	ഇരിക്കൂർ ബ്ലോക്ക് ആഗ്രോ സർവീസ് സെന്റർ സൊസൈറ്റി & ഇൻപുട്ട് സെന്റർ, ശ്രീകണ്ഠാപുരം ബിൽ നമ്പർ-416/23-6-17,	40എണ്ണം X 35= 1400
4	വാണിമോൾ ആർ കെ	ഇല്ല	ഇരിക്കൂർ ബ്ലോക്ക് ആഗ്രോ സർവീസ് സെന്റർ സൊസൈറ്റി & ഇൻപുട്ട് സെന്റർ, ശ്രീകണ്ഠാപുരം ബിൽ നമ്പർ-330/20-6-17	30എണ്ണം X 35= 1050
5	ആർ കെ രോഹിണി	14-8-17	ഇരിക്കൂർ ബ്ലോക്ക് ആഗ്രോ സർവീസ് സെന്റർ സൊസൈറ്റി & ഇൻപുട്ട് സെന്റർ, ശ്രീകണ്ഠാപുരം ബിൽ നമ്പർ-474/29-6-17, 331/20-6-17	15എണ്ണം X 35= 525 30എണ്ണം X 35= 1050
6	അബ്രഹാം, പി	18-9-17	ഞാലിമാക്കീൽ	15എണ്ണം X 50

	കെ		റബ്ബർ ആന്റ് ഗാർഡൻ 2411/10-7-17	= 750
7	ഗീത പുളുക്കൽ	7-8-17	ആറളം ഫാമിംഗ് കോർപ്പറേഷൻ (കേരള)ലി, 578/29-4-17(ബുക്ക്നം-43)	110എണ്ണം X 50 = 5500
8	മാർട്ടിൻ ജേക്കബ് പനയ്ക്കൽ	ഇല്ല	ഇരിക്കൂർ ബ്ലോക്ക് ആഗ്രോ സർവീസ് സെന്റർ സൊസൈറ്റി & ഇൻപുട്ട് സെന്റർ, ശ്രീകണ്ഠാപുരം ബിൽ നമ്പർ-462/28-6-17 461/28-6-17	10എണ്ണം X 35= 350 20എണ്ണം X 35= 700
9	ജെയിംസ് എ ടി	15-8-17	ഇരിക്കൂർ ബ്ലോക്ക് ആഗ്രോ സർവീസ് സെന്റർ സൊസൈറ്റി & ഇൻപുട്ട് സെന്റർ, ശ്രീകണ്ഠാപുരം ബിൽ നമ്പർ-384/22-6-17	10എണ്ണം X 35= 350
10	മോഹനൻ കെ	ഇല്ല	ഇരിക്കൂർ ബ്ലോക്ക് ആഗ്രോ സർവീസ് സെന്റർ സൊസൈറ്റി & ഇൻപുട്ട് സെന്റർ, ശ്രീകണ്ഠാപുരം ബിൽ നമ്പർ-366/21-	25എണ്ണം X 35= 875

			6-17	
11	തോമസ് എം ടി	21-8-17	ഇരിക്കൂർ ബ്ലോക്ക് ആഗ്രോ സർവീസ് സെന്റർ സൊസൈറ്റി & ഇൻപുട്ട് സെന്റർ, ശ്രീകണ്ഠാപുരം ബിൽ നമ്പർ-425/23-6-17	15എണ്ണം X 35= 525
12	ജോസഫ്. ടി എം	ഇല്ല	ഇരിക്കൂർ ബ്ലോക്ക് ആഗ്രോ സർവീസ് സെന്റർ സൊസൈറ്റി & ഇൻപുട്ട് സെന്റർ, ശ്രീകണ്ഠാപുരം ബിൽ നമ്പർ-338/21-6-17	30എണ്ണം X 35= 1050
13	ജാനകി എം	ഇല്ല	അനന്തക്കാട്ട് നഴ്സറി ,ശ്രീകണ്ഠാപുരം ഇരിക്കൂർ ബ്ലോക്ക് ആഗ്രോ സർവീസ് സെന്റർ സൊസൈറ്റി & ഇൻപുട്ട് സെന്റർ, ശ്രീകണ്ഠാപുരം ബിൽ നമ്പർ-3529/1-9-17	30 എണ്ണംX 50 =1500
14	ലക്ഷ്മണൻ വടക്കീൽ	18-8-17	ഇരിക്കൂർ ബ്ലോക്ക് ആഗ്രോ സർവീസ് സെന്റർ സൊസൈറ്റി &	24 എണ്ണംX 35= 840

			ഇൻപുട്ട് സെന്റർ, ശ്രീകണ്ഠാപുരം ബിൽ നമ്പർ-386/22-6-17	
15	കൃഷ്ണൻ കെ സി	13-8-17	ഇരിക്കൂർ ബ്ലോക്ക് ആഗ്രോ സർവീസ് സെന്റർ സൊസൈറ്റി & ഇൻപുട്ട് സെന്റർ, ശ്രീകണ്ഠാപുരം ബിൽ നമ്പർ-450/27-6-17	40 എണ്ണംX 35= 1400
16	എം കൃഷ്ണൻ മാസ്റ്റർ	ഇല്ല	ഇരിക്കൂർ ബ്ലോക്ക് ആഗ്രോ സർവീസ് സെന്റർ സൊസൈറ്റി & ഇൻപുട്ട് സെന്റർ, ശ്രീകണ്ഠാപുരം ബിൽ നമ്പർ-	20 എണ്ണംX 35= 700

ആനുകൂല്യം നൽകുന്നതിനുള്ള പ്രാഥമിക നടപടിയാണ് അപേക്ഷ സ്വീകരിക്കുകയും ഗുണഭോക്താക്കളെ അംഗീകരിക്കുകയെന്നതും . അപേക്ഷ സ്വീകരിക്കുന്നതിന് മുമ്പേ തന്നെ ഗുണഭോക്താക്കൾ തൈകൾ വാങ്ങിച്ചിട്ടുണ്ട്. മാത്രമല്ല 2017-18 വർഷത്തെ വിവിധ പദ്ധതികൾക്കുള്ള വ്യക്തിഗത/ ഗ്രൂപ്പ് ആനുകൂല്യങ്ങൾക്കുള്ള ഗുണഭോക്താക്കളെ അംഗീകരിക്കുന്നതിനുള്ള വാർഡ് സഭ 9/2017 ലാണ് നടന്നിട്ടുള്ളത്. അതുകൊണ്ട്തന്നെ നടപടിക്രമങ്ങൾ പാലിക്കാതെയാണ് പ്രോജക്ട് നടപ്പിലാക്കിയിട്ടുള്ളത്.

iii) അപേക്ഷയിലെ ഓഫീസ് ആവശ്യത്തിന് എന്ന ഭാഗത്ത് പരിശോധന നിപ്പോർട്ട് , പരിശോധന നടത്തിയ ഉദ്യോഗസ്ഥന്റെ പേരും ഒപ്പും , മേൽ അധികാരിയുടെ ശുപാർശ, മേൽ അധികാരിയുടെ ഒപ്പും പേരും , വാർഡ് സഭ തീരുമാനം, വാർഡ് സഭ കോർഡിനേറ്ററുടെ ഒപ്പും പേരും, കൗൺസിലറുടെ ഒപ്പും പേരും എന്നിവ ഭൂരിപക്ഷം അപേക്ഷകളിലും ഇല്ല.

iv) മോണിറ്ററിംഗ് റിപ്പോർട്ട് ഇല്ല.

മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ 7/2017-18 നമ്പർ ഓഡിറ്റ് എൻക്വയറി ക്ക് നൽകിയ മറുപടിയിൽ കാലാവസ്ഥയ്ക്ക് അനുസരിച്ച് മാത്രമേ കാർഷിക പ്രോജക്ടുകൾ നടപ്പിലാക്കാൻ കഴിയുകയുള്ളൂ എന്നും ഗ്രാഫ്റ്റ് വിതരണം മഴക്കാലത്ത് നടത്തേണ്ട പ്രോജക്ട് ആയതിനാലും ഗുണഭോക്തൃ പട്ടിക വൈകി (മഴക്കാലം കഴിഞ്ഞ്) ലഭിക്കുന്നതുകൊണ്ടും ആണ് നേരത്തെ തൈകൾ വാങ്ങിച്ചവർക്ക് പരിമിതമായതോതിൽ ധനസഹായം നൽകിയത് എന്ന് വിശദീകരിച്ചിട്ടുണ്ട്. എല്ലാ ഘടകങ്ങളും പരിശോധിച്ച് സമയബന്ധിതമായി പ്രോജക്ടുകൾ രൂപീകരിച്ച് ഗുണഭോക്താക്കളെ തെരെഞ്ഞെടുത്ത് പ്രോജക്ടുകൾ നടപ്പിലാക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. മുൻകൂർ തൈകൾ വാങ്ങിച്ചവർക്ക് ആനുകൂല്യം നൽകാവുന്നതാണെന്ന് കൗൺസ്സിൽ തീരുമാനം ഇല്ല.

3-8 നെൽകൃഷി വികസന പദ്ധതി - ലക്ഷ്യം കൈവരിച്ചിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ കൃഷിഓഫീസർ, ശ്രീകണ്ഠാപുരം കൃഷിഭവൻ

(പ്രോജക്ട് നമ്പർ- S0013/18, അടങ്കൽ 120319 രൂപ, ചെലവ് തുക- 120319 രൂപ)

75% സബ്സിഡി നിരക്കിൽ ജൈവകീടനാശിനികൾ , ജീവാണു വളർച്ച ത്വരകങ്ങൾ എന്നിവ 100 കി.ഗ്രാം നൽകാനും പണിക്കൂലി ഹെക്ടറിന് 6536രൂപയും സബ്സിഡി നൽകി 75 ഹെക്ടറിൽ നെൽകൃഷി വികസനത്തിനാണ് പദ്ധതി ലക്ഷ്യമിട്ടത്. ഈ പ്രോജക്ടിൽ പണിക്കൂലി സബ്സിഡി നൽകുന്ന ഘടകം മാത്രമാണ് നടപ്പിലാക്കിയത്.

പ്രോജക്ട് നടത്തിപ്പിലെ ന്യൂനതകൾ

എ) മോണിറ്ററിംഗ് റിപ്പോർട്ട് ഇല്ല

ബി) ഗുണഭോക്താക്കൾ നൽകിയ വൗച്ചറിൽ " Cancelled and passed for payment" ഉം തുകയും എഴുതിയിട്ടുണ്ടെങ്കിലും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഓരോ ഗുണഭോക്താവിനും നൽകേണ്ട തുക പസ്സാക്കാതെയാണ് ഗുണഭോക്താക്കൾക്ക് പണം നൽകിയിട്ടുള്ളത്.

സി) 75 ഹെക്ടറിൽ നെൽകൃഷി വികസനത്തിനുള്ള പദ്ധതിയാണ് തയ്യാറാക്കിയതെങ്കിലും 18.58 ഹെക്ടറിൽ മാത്രമാണ് പദ്ധതി നടപ്പിലാക്കിയത്.

ഡി) പദ്ധതിയുടെ ഭൗതിക നേട്ടങ്ങൾ വിലയിരുത്തിയിട്ടില്ല.പ്രോജക്ട് നടപ്പിലാക്കിയതിലൂടെ നെല്ലുൽപ്പാദനം എത്രകണ്ട് വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട് എന്ന് വ്യക്തമാക്കിയിട്ടില്ല.

ഇ) അപേക്ഷകളിൽ കാണുന്ന പൊതു ന്യൂനത ചുവടെ കൊടുക്കുന്നു.

1. തീയ്യതി ചേർക്കുന്നില്ല.
2. അപേക്ഷയിലെ ഓഫീസ് ആവശ്യത്തിന് എന്ന ഭാഗത്ത് പരിശോധന റിപ്പോർട്ട് , പരിശോധന നടത്തിയ ഉദ്യോഗസ്ഥന്റെ പേരും ഒപ്പും , മേൽ അധികാരിയുടെ ശുപാർശ, മേൽ അധികാരിയുടെ ഒപ്പും പേരും , വാർഡ് സഭ തീരുമാനം, വാർഡ് സഭ കോർഡിനേറ്ററുടെ ഒപ്പും പേരും, കൗൺസിലറുടെ ഒപ്പും പേരും എന്നിവ ഭൂരിപക്ഷം അപേക്ഷകളിലും ഇല്ല.

   മേൽ അപാകങ്ങൾ സംബന്ധിച്ച് 17-01-2019 ലെ 7/2017-18 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 19-01-19 ന് ലഭ്യമാക്കിയ മറുപടി ചുവടെ കൊടുക്കുന്നു.

   1. മോണിറ്ററിങ്ങ് റിപ്പോർട്ട് സമർപ്പിക്കുന്നതാണ്. എന്നാൽ ഓഡിറ്റ് പൂർത്തിയായ തീയതി വരെയും മോണിറ്ററിങ്ങ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.
   2. കൃഷി ഓഫീസർമാർ അഡീഷണൽ ചാർജ്ജ് വഹിക്കുന്നത്കൊണ്ടുണ്ടാകുന്ന സമയക്കുറവ് മൂലമാണ് അപേക്ഷയിലും വൗച്ചറിലും ഒപ്പ് വെക്കാതിരുന്നത്.
   3. വ്യക്തിഗത ആനുകൂല്യങ്ങൾക്ക് അപേക്ഷ നൽകണമെന്ന ഗുണഭോക്താക്കളുടെ അജ്ഞതമൂലം അപേക്ഷകരിൽ കുറവുണ്ടായതുകൊണ്ടാണ് നെൽകൃഷി വികസന പദ്ധതി 18.58 ഹെക്ടറിൽ മാത്രമായി ചുരുങ്ങിയത്. ഗുണഭോക്തൃ വിഹിതം അടക്കാൻ ഗുണഭോക്താക്കൾ തയ്യാറാകാത്തതുകൊണ്ട് ജൈവ കീടനാശിനികൾ , ജീവാണു വളർച്ച ത്വരകങ്ങൾ എന്നിവ നൽകാൻ കഴിയതെ വരികയും തന്മൂലം പദ്ധതി റിവൈസ് ചെയ്ത് ഈ ഘടകങ്ങൾ ഒഴിവാക്കി പണിക്കൂലി നൽകൽ മാത്രം നടപ്പാക്കുകയും ചെയ്തു.
   4. പ്രോജക്ട് നടപ്പാക്കിയതിലൂടെ നെല്ലുല്പാദനം വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ടെങ്കിലും അതിന്റെ രേഖകൾ ഹാജരാക്കാൻ സാധിച്ചിട്ടില്ല.

   മറുപടിയിൽ നിന്നും വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിഗ് സമിതിയായി പ്രവർത്തിച്ചിട്ടില്ല എന്നും പ്രോജക്ട് നിർവ്വഹണം, അപേക്ഷ സമർപ്പിക്കൽ എന്നിവ സംബന്ധിച്ച് വേണ്ടത്ര പ്രചരണം ഗുണഭോക്താക്കളിൽ എത്താത്തതുകാരണമാണ് അപേക്ഷകരുടെ എണ്ണം ക്രമാതീതമായി കുറഞ്ഞത് എന്നും വ്യക്തമാവുന്നുണ്ട് . പ്രോജക്ടിന്റെ ഭൗതിക ലക്ഷ്യം നേടിയിട്ടുണ്ടോ എന്ന് വിലയിരുത്തി രേഖപ്പെടുത്തി വെക്കുന്നില്ല. ഭാവിയിൽ ഇത്തരം ന്യൂനതകൾ ഒഴിവാക്കേണ്ടതാണ്.

3-9 അഡ്വാൻസ് തുക-വൗച്ചറുകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല-40000 രൂപ തടസപ്പെടുത്തുന്നു.

കേരളാ ഫിനാൻഷ്യൽ കോഡ് വാല്യം-1 ആർട്ടിക്കിൾ 99 പ്രകാരം അടിയന്തിര സാഹചര്യങ്ങളിൽ അനുവദിക്കുന്ന മുൻകൂർ തുകകൾ, വിശദമായ ബില്ലുകളും വൗച്ചറുകളും സഹിതം പരമാവധി വേഗത്തിൽ അഡ്ജസ്റ്റ് ചെയ്യേണ്ടതും അല്ലാത്തപക്ഷം ബാങ്ക് പലിശ നിരക്കിൽ പലിശ ഈടാക്കേണ്ടതുമാണ്. ഇതു സംബന്ധിച്ച 04.10.2011 ലെ ജി.ഒ(പി) നം. 419/11(ഫിൻ) നമ്പർ ഉത്തരവ് പ്രകാരം മൂന്ന് മാസത്തിനകം ഫൈനൽ ബിൽ സമർപ്പിക്കേണ്ടതാണ്. അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിക്കാതിരിക്കുകയും, എന്നാൽ അഡ്ജസ്റ്റ്മെന്റ് ബില്ലുകൾ യഥാസമയം സമർപ്പിക്കുകയും ചെയ്താൽ വിനിയോഗിക്കാത്ത തുകക്ക് 18% വാർഷിക പലിശ ഈടാക്കേണ്ടതുമാണ്.

2017-18 വർഷത്തിൽ ബസ്റ്റാന്റ് ക്ലീൻ ചെയ്യുന്നതിനാവശ്യമായി താഴെപ്പറയും പ്രകാരം മുൻകൂർ നൽകിയത് ക്രമീകരിച്ചതിന്റെ വൗച്ചറുകൾ, അനുബന്ധരേഖകൾ എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

വൗച്ചർ നം./ തിയ്യതി	മുൻകൂർ കൈപ്പറ്റിയ ഉദ്യോഗസ്ഥന്റെ പേര്	തുക	മുൻകൂർ നൽകിയത് എന്ത് ആവശ്യത്തിന്
1 21700070/10-05-2017	അനീസ് (ജെ എച്ച് ഐ)	40000	ബസ്റ്റാന്റ് ക്ലീൻ ചെയ്യുന്നതിന് അഡ്വാൻസ് നൽകിയത്.

മേൽ വിവരിച്ച പ്രകാരം ആകെ 40000 രൂപ ഉദ്യോഗസ്ഥർക്ക് മുൻകൂർ നൽകിയത് ക്രമീകരിച്ചതിന്റെ വൗച്ചറുകൾ, അനുബന്ധരേഖകൾ എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.15/2017-18 തീയതി 23-01-2019 പ്രകാരം വൗച്ചറുകൾ അനുബന്ധരേഖകൾ എന്നിവ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് 25.01-2019 ന് മറുപടി നൽകിയിട്ടുണ്ട്. മറുപടിയോടൊപ്പം കേരളോത്സവത്തിന്റെ വൗച്ചറുകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടുണ്ട്.എന്നാൽ മേൽ കൊടുത്ത വൗച്ചർ പ്രകാരമുള്ള ചെലവ് രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.ബസ്റ്റാന്റ് ക്ലീൻ ചെയ്യുന്നതിന് നൽകിയ അഡ്വാൻസ് 26-08-2017 ലെ 2ാം നമ്പർ തീരുമാനപ്രകാരം ക്രമീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത വൗച്ചറുകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. വൗച്ചറുകൾ പരിശോധനക്ക് ലഭ്യമാക്കി 40000 രൂപയുടെ തടസം ഒഴിവാക്കേണ്ടതാണ്. ക്രമീകരിച്ചത് ക്രമപ്രകാരമല്ലെങ്കിൽ പലിശ വസൂലാക്കേണ്ടതാണ്.

3-10 ഗവൺമെന്റ് നിർദേശപ്രകാരം സ്റ്റേറ്റ് ഇൻഷൂറൻസ് പ്രീമിയം പുതുക്കേണ്ടതാണ്.

ജി.ഒ.(പി)149/2016/ധന തീയതി 04-10-2016 പ്രകാരം 01-01-2017 മുതൽ സ്റ്റേറ്റ് ലൈഫ് ഇൻഷൂറൻസ് പ്രീമിയം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ സെക്രട്ടറിയുടെ 09/2017 ലെ ശമ്പളബിൽ പരിശോധിച്ചപ്പോൾ സർക്കാർ നിശ്ചയിച്ച നിരക്കിലും കുറഞ്ഞ നിരക്കിലാണ് സ്റ്റേറ്റ് ലൈഫ് ഇൻഷ്വുറൻസ് വരിസംഖ്യ ഈടാക്കിവരുന്നത്.

ജീവനക്കാരന്റെ പേര്/തസ്തിക	അടിസ്ഥാന ശമ്പളം	സർക്കാർ നിശ്ചയിച്ച നിരക്ക്	ഈടാക്കുന്നത്
സജിമോൻ എ എടക്കര, ജൂനിയർ സൂപ്രണ്ട്	39500	500	150

ഗോപിനാഥൻ കെ,റവന്യൂ ഇൻസ്പെക്ടർ	34800	500	150
കെ പി രാജഗോപാലൻ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1	49200	500	ഈടാക്കുന്നില്ല.

സർക്കാർ നിർദ്ദേശിച്ച നിരക്കിൽ സ്റ്റേറ്റ് ലൈഫ് ഇൻഷ്വുറൻസ് വരിസംഖ്യ ഈടാക്കേണ്ടതാണ്. സ്വീകരിച്ച നടപടി എന്തെന്ന് വ്യക്തമാക്കേണ്ടതാണ്.

3-11 മടമ്പം അംഗനവാടി കെട്ടിടനിർമ്മാണം നഗരസഭ വിഹിതം നൽകൽ പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല

പ്രോജക്ടിന്റെ പേര്	മടമ്പം അംഗനവാടി കെട്ടിടനിർമ്മാണം നഗരസഭ വിഹിതം നൽകൽ
പ്രോജക്ട് നമ്പർ	247/2018
അടങ്കൽ	200000(വികസനഫണ്ട്)
ബിൽ നമ്പർ/ തീയതി-തുക	33/2017-18 തീയതി 27-03-2018 ₹200000

എക്സിക്യൂട്ടീവ് എഞ്ചിനീയർ എൽ എസ് ജി ഡിവിഷൻ ജില്ലാ പഞ്ചായത്ത് കണ്ണൂരിന് നഗരസഭാ വിഹിതമായി 2 ലക്ഷം രൂപ അക്കൗണ്ട് നമ്പറി (000000384094704)ലേക്ക് തുക കൈമാറിയിട്ടുണ്ട്. നഗരസഭയിലെ സെന്റർ നം 49 അംഗൻവാടിയുടെ കെട്ടിട നിർമ്മാണത്തിനാണ് തുക നൽകിയത്. എന്നാൽ അംഗൻവാടി കെട്ടിടം പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല അംഗൻവാടി കെട്ടിടം പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

3-12 വയോമിത്രം പദ്ധതി-നഗരസഭ വിഹിതം നൽകി-പദ്ധതി ആരംഭിച്ചില്ല.ചെലവ് തുക 10 ലക്ഷം രൂപ തടസപ്പെടുത്തുന്നു.

നഗരസഭ പ്രദേശത്ത് അധിവസിക്കുന്ന 65 വയസ് കഴിഞ്ഞ വയോജനങ്ങൾക്ക് ആരോഗ്യപരിരക്ഷയും മാനസിക ഉല്ലാസവും ഉദ്ദേശിച്ചിട്ടുള്ളതാണ് വയോമിത്രം പരിപാടി. പ്രസ്തുത പദ്ധതി നഗരസഭയിൽ നടപ്പിലാക്കുന്നതിനായി കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് തുക നൽകിയിട്ടുണ്ട്.ഇത് സംബന്ധിച്ച് വിശദവിവരം ചുവടെ കൊടുക്കുന്നു.

പ്രൊജക്ടിന്റെ പേര്	വയോമിത്രം പദ്ധതി-നഗരസഭ വിഹിതം നൽകൽ
പ്രൊജക്ട് നമ്പർ	243/2018
അടങ്കൽ	1000000(വികസനഫണ്ട്)
ബിൽ നമ്പർ/ തീയതി-തുക	30/2017-18 തീയതി 23-03-2018 1000000

ആയത് പ്രകാരം 10 ലക്ഷം രൂപ കേരള സോഷ്യൽ സെക്യൂരിറ്റി മിഷന്റെ അക്കൗണ്ട് നമ്പർ 701011400000134 ലേക്ക് തുക ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

സ.ഉ (ആർ ടി) നം 1209/2013 തസ്വഭവ തീയതി 06-05-2013 അനുസരിച്ച് മുനിസിപ്പാലിറ്റിയും കേരള സാമൂഹ്യ സുരക്ഷാ മിഷനും സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണിത്. ഇപ്രകാരം ഫണ്ട് നൽകിയിട്ടുണ്ടെങ്കിലും പദ്ധതി നാളിതുവരെ നടപ്പിലാക്കിയിട്ടില്ല. പദ്ധതി പ്രവർത്തനം ആരംഭിക്കാത്തതുകൊണ്ട് ചെലവ് തുക 1000000 രൂപ തടസപ്പെടുത്തുന്നു. പദ്ധതിയുടെ പുരോഗതി വിലയിരുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3-13 കന്നുകുട്ടി പരിപാലനം വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്.

നഗരസഭയിൽ കന്നുകുട്ടി പരിപാലനപദ്ധതി നടപ്പിലാക്കുന്നതിനായി 2017-18 ൽ താഴെ കൊടുത്ത പ്രകാരം തുക ചെലവ് ചെയ്തിട്ടുണ്ട്.

നിർവ്വഹണോദ്യോഗസ്ഥൻ	വെറ്റിനറി സർജൻ
പ്രൊജക്ട്:	93/18 – കന്നുകുട്ടി പരിപാലനം
അടങ്കൽ ആകെ	₹839401(വികസനഫണ്ട്) ₹23099(തനത് ഫണ്ട്) ₹862500(ഗുണഭോക്തൃവിഹിതം) ₹1725000
ചെലവ് ആകെ	ബിൽ നമ്പർ 6/2017-18 തീയതി 16-03-2018 /-₹839401 ചെക്ക് നമ്പർ 7466548 തീയതി 22-03-2018 /-₹10599 ₹850000

കന്നുകുട്ടി പരിപാലനം പദ്ധതിയിൽ ഉൾപ്പെട്ട 68 ഗുണഭോക്താക്കളുടെ നഗരസഭ വിഹിതമായി ₹850000 എസ്.എൽ,ബി.പി,ഡെപ്യൂട്ടി ഡയരക്ടർ, കണ്ണൂരിന് നൽകിയിട്ടുണ്ട്.നഗരസഭ 2017-18 വർഷം ആകെ 68 കന്നുകുട്ടികളെയാണ് എൻറോൾ ചെയ്തിട്ടുള്ളത്.പ്രസ്തുത കന്നുകുട്ടികൾക്ക് ഒന്നിന് 12500 രൂപ വീതം ആകെ 850000 രൂപ നൽകിയിട്ടുണ്ട്.ആയതിന്റെ വിനിയോഗവിവരം പദ്ധതി പൂർത്തിയാക്കുന്ന മുറയ്ക്ക് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

3-14 പി എം എ വൈ പദ്ധതി നടത്തിപ്പ് ത്വരിതപ്പെടുത്തേണ്ടതാണ്.

കേന്ദ്രസർക്കാർ ആവിഷ്കരിച്ച് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കി വരുന്ന പ്രധാൻമന്ത്രി ആവാസ് യോജന പദ്ധതിയുടെ ഭാഗമായി നഗരസഭയിൽ 3 കോടി അടങ്കൽ വരുന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുകയാണ്. പദ്ധതിയ്ക്കായി വിവിധ ഘട്ടങ്ങളിലായി 412 ഗുണഭോക്താക്കളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. പദ്ധതി അടങ്കലിന്റെ 50% കേന്ദ്ര സഹായവും, അവശേഷിച്ച തുക സംസ്ഥാന സർക്കാർ, നഗരസഭ, ഗുണഭോക്താവ് എന്നിവർ തുല്യമായി വഹിക്കേണ്ടതുമാണ്. പദ്ധതി നടത്തിപ്പിന്റെ ഭാഗമായി നഗരസഭ വിഹിതം 823550 രൂപ പ്രൊജക്ട് നം 234/2018 പ്രകാരം വികസനഫണ്ടിൽ നിന്നും പിൻവലിച്ച് പദ്ധതിയ്ക്കായി പ്രത്യേകം ആരംഭിച്ച ബാങ്ക് അക്കൗണ്ടിൽ(സിണ്ടിക്കേറ്റ് ബാങ്ക്-അക്കൗണ്ട് നമ്പർ-42222200097125) 12-01-2018 ന് നിക്ഷേപിച്ചിട്ടുണ്ട്.

വിവിധ ഘട്ടങ്ങളിലായി ഈ ഇനത്തിൽ ലഭിച്ച ഫണ്ടിന്റെ വിവരം ചുവടെ കൊടുക്കുന്നു.

തുക ലഭിച്ച ഏജൻസി	ലഭിച്ച തുക
ഗുണഭോക്തൃവിഹിതം	5131000
മുനിസിപ്പൽ വിഹിതം	4752063
കേന്ദ്രവിഹിതം	20040000
സംസ്ഥാനവിഹിതം	668000
ആകെ	30591063

പ്രസ്തുത നിക്ഷേപത്തിൽ നിന്നും 2017-18 വർഷം താഴെ കൊടുത്ത പ്രകാരം ഗുണഭോക്താക്കൾക്ക് ഗഡുക്കൾ നൽകിയിട്ടുണ്ട്.

ഒന്നാം ഗഡു കൈപ്പറ്റിയവരുടെ എണ്ണം	രണ്ടാംഗഡു കൈപ്പറ്റിയവരുടെ എണ്ണം	മൂന്നാം ഗഡു കൈപ്പറ്റിയവരുടെ എണ്ണം
7	42	30

നാളിതുവരെയായി വിവിധ ഘട്ടങ്ങളിലായി പി എം എ വൈ പദ്ധതിയിൽ താഴെ കൊടുത്ത പ്രകാരം ഗുണഭോക്താക്കളെ തിരഞ്ഞെടുത്തിട്ടുണ്ട്.

	പ്രാഥമിക ഘട്ടത്തിലുണ്ടായിരുന്ന ഗുണഭോക്താക്കളുടെ എണ്ണം	അന്തിമ ഘട്ടത്തിലുള്ള ഗുണഭോക്താക്കളുടെ എണ്ണം	ധനസഹായം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം (31-03-2018)
ഒന്നാം ഘട്ടം	167	159	140
രണ്ടാം ഘട്ടം	100	84	
മൂന്നാം ഘട്ട	253	169	
ആകെ	520	412	

പി എം എ വൈ പദ്ധതിയിൽ 140 ഗുണഭോക്താക്കൾക്കായി 31-03-2018 വരെ 25036327 രൂപ ചെലവ് ചെയ്തിട്ടുണ്ട്. 16-01-2019 തീയതിയിൽ ബാങ്ക് അക്കൗണ്ടിൽ നിലവിൽ 2069696.22 രൂപ നീക്കിയിരിപ്പുണ്ട്. പി.എം.എ.വൈ പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ച് സമയബന്ധിതമായി പദ്ധതി നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-15 ഗ്രാന്റുകൾ അനുവദിക്കപ്പെട്ട ഉദ്ദേശ്യത്തിന് ചെലവഴിക്കുകയോ അല്ലാത്തപക്ഷം തിരിച്ചടക്കുകയോ ചെയ്യേണ്ടതാണ്.

നഗരസഭയുടെ വാർഷിക ധനകാര്യ പത്രികയിലെ ബാലൻഷീറ്റിലെ ബി-4 ഷെഡ്യൂൾ പ്രകാരം വിവിധ ഗ്രാന്റ് ഇനത്തിൽ 31-03-2018 ന് താഴെ പറയും പ്രകാരംനീക്കിയിരിപ്പുണ്ട്.ഇത് സംബന്ധിച്ച് വിശദവിവരം ചുവടെ

കൊടുക്കുന്നു.

കോഡ് നമ്പർ	ഇനം	2016-17 ലെ നീക്കിയിരിപ്പ്	2017-18 ലെ നീക്കിയിരിപ്പ്
320100100	സെൻട്രൽ ഗവൺമെന്റിൽ നിന്നും ലഭിച്ച ഗ്രാന്റ്	1623080	9139086
320802000	പ്രൊജക്ടിനുള്ള ഗ്രാന്റ്	3105818	7044458
320809900	പ്രത്യേകാവശ്യത്തിനുള്ള മറ്റ് ഗ്രാന്റുകൾ	84056	421556

വിവിധകാലയളവിൽ ലഭിച്ച ഗ്രാന്റുകളുടെ നീക്കിയിരിപ്പ് വിവരം പരിശോധിക്കുന്നതിന് ആവശ്യമായ രജിസ്റ്ററുകൾ നഗരസഭ സൂക്ഷിച്ചിട്ടില്ല. ആയതുകൊണ്ട് തന്നെ ഗ്രാന്റുകളുടെ ഇനം തിരിച്ച് പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഗ്രാന്റുകൾ അനുവദിക്കപ്പെട്ട ഉദ്ദേശ്യത്തിന് ചെലവഴിക്കുകയോ അല്ലാത്തപക്ഷം തിരിച്ചടക്കുകയോ ചെയ്യേണ്ടതാണ്. ഇത്രയധികം തുക വിനിയോഗിക്കാതിരിക്കാനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

3-16 മരുന്ന് ലഭ്യമായിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ

പ്രൊജക്ട് നമ്പർ : 105/18

പ്രോജക്ടിന്റെ പേര് : പാലിയേറ്റീവ് പരിചരണം

വകയിരുത്തിയ തുക : ₹600000 വികസന ഫണ്ട്

ചെലവു തുക : ₹40000 ബിൽ നമ്പർ / തീയ്യതി : 1/17-18/29-08-2017

: ₹134928 ബിൽ നമ്പർ / തീയ്യതി : 5/17-18/23-01-2018

: ₹40000 ബിൽ നമ്പർ / തീയ്യതി : 6/17-18/23-01-2018

: ₹116100 ബിൽ നമ്പർ / തീയ്യതി : 8/17-18/14-03-2018

: ₹128973 ബിൽ നമ്പർ / തീയ്യതി : 9/17-18/14-03-2018

: ₹60632 ബിൽ നമ്പർ / തീയ്യതി : 10/17-18/26-03-2018

: ₹48800 ബിൽ നമ്പർ / തീയ്യതി : 11/17-18/26-03-2018

ആകെ : ₹569433

മേൽ പ്രൊജക്ടിന്റെ ബിൽ നമ്പർ 9പ്രകാരമുള്ള ചെലവ് തുകയായ ₹128973 രൂപയിൽ 47186/- രൂപ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും മരുന്ന് വാങ്ങുന്നതിനും 81787/- രൂപ കെൽട്രോണിൽ നിന്ന് ഉപകരണങ്ങൾ വാങ്ങുന്നതിനും തുക മുൻകൂറായി നൽകുന്നതിന് വേണ്ടിയാണ് ചെലവഴിച്ചിട്ടുള്ളത് .എന്നാൽ മുഴുവൻ തുകയ്ക്കുമുള്ള മരുന്നുകൾ ലഭ്യമായിട്ടില്ല. വിവരം ചുവടെ ചേർക്കുന്നു.

ക്രമനമ്പർ	ഇൻവോയ്സ് നമ്പർ/തീയതി	തുക
1	8316/14.9.18	9642
2	13010/22.11.18	14412
3	13515/28.11.18	2928
	ആകെ	26982

ബാക്കി 20204/- രൂപയുടെ മരുന്നുകൾ ലഭ്യമാകാനുണ്ട്. ഇത് സംബന്ധിച്ച് നൽകിയ അന്വേഷണത്തിന്റെ മറുപടിയായി 26982/- രൂപയുടെ മരുന്നുകൾ മാത്രമേ ലഭ്യമായിട്ടുള്ളൂവെന്നും മരുന്നുകൾ ലഭ്യമായാൽ

അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

3-17 ന്യൂട്രിമിക്സ് വാങ്ങുമ്പോൾ ജി എസ് ടി ഈടാക്കുന്നില്ല

2017-18 വർഷം നഗരസഭയിലെ അംഗനവാടികളിലേക്കുള്ള ന്യൂട്രിമിക്സ് വാങ്ങിച്ചിട്ടുള്ളത് ഓജസ്സ് ന്യൂട്രിമിക്സ് , ചൊറുക്കള കുറുമാത്തൂർ എന്ന സ്ഥാപനത്തിൽ നിന്നുമാണ്. ന്യൂട്രിമിക്സ് വാങ്ങുമ്പോൾ ജി എസ് ടി ഒടുക്കേണ്ടത് 31-10-2017 വരെ 18% -വും അതിനുശേഷം GO(MS)No. 1450/2018 LSGD, Dtd 25.05.2018 ഉത്തരവ് പ്രകാരം 01.11.2017 മുതൽ 5% ആക്കി പുനർനിർണ്ണയിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത ഉത്തരവിന് ശേഷവും ജി എസ് ടി ഇല്ലാതെയാണ് ന്യൂട്രിമിക്സ് വാങ്ങിച്ചിട്ടുള്ളത്. പ്രസ്തുത വർഷം ന്യൂട്രിമിക്സ് വാങ്ങിച്ചതിന്റെ അളവും നൽകിയ തുകയുടേയും വിശദവിവരം ചുവടെ കൊടുക്കുന്നു.

ന്യൂട്രിമിക്സിന്റെ വില	വാങ്ങിയ അളവ്	നൽകിയ തുക
70	19480.62	1363643

ഇത് സംബന്ധിച്ച് നൽകിയ അന്വേഷണത്തിന്(8/17-18,18.01.19) മറുപടിയായി ജി എസ് ടി ഈടാക്കണമെന്ന് അറിവുണ്ടായിരുന്നില്ലെന്നും ഇനി മുതൽ ഈടാക്കുമെന്നും അറിയിച്ചിട്ടുണ്ട്. ജി എസ് ടി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

3-18 ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടില്ല.

സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറുടെ 01.02.2010, 05.06.2010 എന്നീ തീയ്യതികളിലെ എ്.സി.ഡി.എസ്.ബി. 3-312/2010 നമ്പർ കത്തുകൾ പ്രകാരം ഓരോ രണ്ട് മാസത്തിലൊരിക്കൽ ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കണം എന്ന് നിർദ്ദേശിക്കുന്നുണ്ട്. 2017-18 വർഷം നഗരസഭയിലെ അംഗനവാടികളിലേക്കുള്ള ന്യൂട്രിമിക്സ് വാങ്ങിച്ചിട്ടുള്ളത് ഓജസ്സ് ന്യൂട്രിമിക്സ് , ചൊറുക്കള കുറുമാത്തൂർ എന്ന സ്ഥാപനത്തിൽ നിന്നുമാണ്.എന്നാൽ മേൽ സ്ഥാപനത്തിൽ നിർമ്മിക്കുന്ന ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ 2017-18 വർഷം ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ അന്വേഷണത്തിന് മറുപടിയായി 2017-18 വർഷം പരിശോധനയ്ക്ക് അയച്ചെങ്കിലും റിപ്പോർട്ട് ലഭ്യമായിട്ടില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. ഗവൺമെന്റ് ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. റിപ്പോർട്ട് വാങ്ങി വിവരം അറിയിക്കേണ്ടതാണ്.

3-19 പശുവളർത്തൽ-അനുബന്ധരേഖകൾ ലഭ്യമാക്കിയില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ	വെറ്ററിനറി സർജൻ
പ്രോജക്ട് നമ്പർ	16/2018
പ്രോജക്ടിന്റെ പേര്	പശുവളർത്തൽ (പൊതുവിഭാഗം)
അടങ്കൽ	175000- വികസനഫണ്ട് 175000/- ഗുണഭോക്തൃ വിഹിതം
ചെലവ്	ബിൽ നമ്പർ 2/2017-18 തീയതി 24-02-2018 /-175000
ഓഡിറ്റ് എൻക്വയറി	20/2017-18 തീയതി 21-01-2019

7 ഗുണഭോക്താക്കൾക്ക് 25000 രൂപ വീതം സബ്സിഡിയിൽ പശുക്കളെ വാങ്ങിനൽകുന്നതിനുള്ളതാണ് ഈ പ്രോജക്ട്. 7 ഗുണഭോക്താക്കളും പശുക്കളെ വാങ്ങിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടുണ്ട്. സ.ഉ(എം.എസ്) 80/2017 ത.സ്വ.ഭ.വ തീയ്യതി 03-04-17 പ്രകാരമുള്ള പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് പ്രോജക്ട് നടപ്പാക്കിയത്. ഇത് സംബന്ധിച്ച അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1.ജില്ലാമൃഗസംരംക്ഷണഓഫീസർ യൂണിറ്റ്കോസ്റ്റ് നിർണ്ണയിച്ചിട്ടില്ല. നിർവ്വഹണഉദ്യോഗസ്ഥൻ പ്രായവും ഗുണനിലവാരവും ഉറപ്പു വരുത്തിയിട്ടില്ല.

2.വികസന സ്റ്റാന്റിംഗ് കമ്മിററി ചെയർപേഴ്സൺ അധ്യക്ഷനായും വെറ്ററിനറി ഡോക്ടർ കൺവീനറായും ഗുണഭോക്താക്കളിൽ 5 പേർ അംഗങ്ങളുമായുള്ള സമിതിയായിരിക്കണം പശുക്കളെ വാങ്ങേണ്ടത് എന്ന നിർദ്ദേശം പാലിച്ചിട്ടില്ല.

3.അന്നമ്മ മാത്യു എന്ന ഗുണഭോക്താവുമായി കരാർ വെച്ചിട്ടുണ്ടെങ്കിലും പ്രസ്തുത കരാറിൽ 3 വർഷം വളർത്തുമെന്ന നിബന്ധന ഉൾപ്പെടുത്തിയിട്ടില്ല.

4.വാങ്ങലുകൾക്ക് പഞ്ചായത്ത് പ്രൊക്യൂർമെന്റ് കമ്മിററിയുടെ അംഗീകാരമില്ല.

5. വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് സമിതി പദ്ധതി അവലോകനം നടത്തിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. തുടർവർഷങ്ങളിൽ ഇത്തരം പ്രൊജക്ടുകൾ നടപ്പിലാക്കുമ്പോൾ നിർദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് ഭരണസമിതി ഉറപ്പുവരുത്തേണ്ടതാണ്.

3-20 ഇലക്ട്രോണിക്ക് ഉപകരണങ്ങൾ വാങ്ങുമ്പോൾ ബന്ധപ്പെട്ട അധികാരികളിൽ നിന്നും പ്രവർത്തനക്ഷമത റിപ്പോർട്ട് വാങ്ങിച്ചിട്ടില്ല

സമഗ്രവിദ്യാഭ്യാസ പദ്ധതി എന്ന പ്രൊജക്ടിന്റെ ഭാഗമായി വിദ്യാഭ്യാസ മേഖലയിൽ വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ നിടിയേങ്ങ ഗവൺെന്റ് യു പി സ്കൂളിന് കമ്പ്യൂട്ടറും മൈക്ക് സെറ്റും വാങ്ങിച്ച് നൽകിയിട്ടുണ്ട്. എന്നാൽ ഇപ്രകാരം ഇലക്ട്രോണിക്ക് സാധനങ്ങൾ വാങ്ങുമ്പോൾ ബന്ധപ്പെട്ട അധികാരികളിൽ നിന്നും പ്രവർത്തനക്ഷമത സർട്ടിഫിക്കറ്റ് വാങ്ങിച്ചിട്ടില്ല. പ്രൊജക്ടിന്റെ ചെലവ് സംബന്ധിച്ച് വിശദവിവരം ചുവടെ കൊടുക്കുന്നു.

പ്രോജക്ടിന്റെ പേര്	സമഗ്രവിദ്യാഭ്യാസപദ്ധതി
പ്രോജക്ട് നമ്പർ	120/2018
അടങ്കൽ	50000രൂപ(വികസനഫണ്ട്) 285000രൂപ(തനത് ഫണ്ട്) 335000 രൂപ
ആകെ	670000
ബിൽ നമ്പർ/ തീയതി-തുക	34/2017-18 തീയതി 27-03-2018 /-163559

1.ചെക്ക് നമ്പർ 1042545 തീയതി 08-03-2018 /-29070

നിടിയേങ്ങ ഗവ യൂപി സ്കൂളിന് കമ്പ്യൂട്ടർ കെൽട്രോണിൽ നിന്നും വാങ്ങി നൽകിയിട്ടുണ്ട്.

ഇനം	എണ്ണം	വില	ആകെ വില

		(രൂപ)	(രൂപ)
കമ്പ്യൂട്ടർ ഡസ്ക് ടോപ്പ്	1	21042.37	21042.37
യു പി എസ്	1	2288.14	2288.14
യു എസ് ബി സ്പീക്കർ	2	652.54	1305.08
		ജി എസ് ടി	4435.38
ആകെ			29070

2.സ്കൂളുകൾക്ക് മൈക്ക് സെറ്റ് വിതരണം-ചെക്ക് നം 1042543 തീയതി 08-03-2018/-69489

പേസ് വെൽ ഇലക്ട്രോണിക്സ് കണ്ണൂർ എന്ന സ്ഥാപനത്തിൽ നിന്നും താഴെ കൊടുത്ത ഉപകരണങ്ങൾ വാങ്ങിച്ചിട്ടുണ്ട്.

ഇനം	എണ്ണം	വില (രൂപ)
ആമ്പിളിഫയർ	1	16158
ആമ്പിളിഫയർ	1	14703
വാൾ സ്പീക്കർ	19	17385
സൗണ്ട് ബോക്സ്	2	3964
മൈക്രോ ഫോൺ	2	3964
കോർഡ് ലെസ് മൈക്ക്	1	2889
പ്ലാസ്റ്റിക്ക് വയർ	1	3800
ജി എസ് ടി		6626
ആകെ		69489

പ്രസ്തുത ഉപകരണത്തിന്റെ വാങ്ങൽ നടപടികളിലെ ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1) ഉപകരണം വാങ്ങുന്നതിന് മുമ്പായി വാങ്ങിക്കേണ്ട ഉപകരണത്തിന്റെ സ്പെസിഫിക്കേഷൻ, പ്രവർത്തനരീതി തുടങ്ങിയ കാര്യങ്ങൾ സംബന്ധിച്ച് ക്ഷമതയുള്ള ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്യുകയോ വിശദാംശങ്ങൾ ശേഖരിച്ച് ഫയലിൽ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

2)ഉപകരണം വാങ്ങിയ ശേഷം ആയത് നിർദ്ദിഷ്ട സ്പെസിഫിക്കേഷനിൽ ഉള്ളതാണെന്നത് സംബന്ധിച്ച് ബന്ധപ്പെട്ട സാങ്കേതിക ഉദ്യോഗസ്ഥരുടെ പരിശോധന സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

3) പദ്ധതി മോണിറ്ററിംഗ് ചെയ്തതിന്റെ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. ഇതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

തുടർവർഷങ്ങളിൽ ഇലക്ട്രോണിക്സ് സാധനങ്ങൾ വാങ്ങുമ്പോൾ പ്രസ്തുത നടപടിക്രമം പാലിച്ച് നടപ്പിലാക്കേണ്ടതാണ്.

3-21 പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിംഗ് യൂണിറ്റ് -പ്രവർത്തനം ആരംഭിച്ചിട്ടില്ല.ചെലവ് തുക 982943 രൂപ തടസപ്പെടുത്തുന്നു.

ശ്രീകണ്ഠാപുരം നഗരസഭയിൽ പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് വേണ്ടി വിഭാവനം ചെയ്തിട്ടുള്ള പ്രൊജക്ടാണിത്.

പ്രോജക്ടിന്റെ പേര്	പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിംഗ് യൂണിറ്റ്
പ്രോജക്ട് നമ്പർ	95/2018
അടങ്കൽ	1000000(വികസനഫണ്ട്)
ബിൽ നമ്പർ/തീയതി-തുക	8/2017-18 തീയതി 12-02-2018

	₹982943

അയൽസഭകളിൽ പ്ലാസ്റ്റിക്ക് കവറുകൾ ശേഖരിക്കുന്നതിന് ബോക്സ് സ്ഥാപിച്ച് കുടുംബശ്രീ മുഖേന ശേഖരിച്ച് നഗരസഭയുടെ ഉടമസ്ഥതയിൽ 10 ാം വാർഡിൽ കാവുമ്പായിൽ സ്ഥിതി ചെയ്യുന്ന വ്യവസായ എസ്റ്റേറ്റിൽ പ്ലാസ്റ്റിക്ക് ഷ്രെഡിംഗ് യൂണിറ്റ് സ്ഥാപിച്ച് കുടുബശ്രീ പ്രവർത്തകർ മുഖേന ഷ്രെഡ്ഡഡ് പ്ലാസ്റ്റിക്ക് ഉണ്ടാക്കുന്നതിനാണ് പ്രൊജക്ട് കൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്.ക്ലീൻ കേരള കമ്പനി ലിമിറ്റഡിന്റെ അക്കൗണ്ടിലേക്ക് (33622776812) തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്.

13-10-2017 തീയതിയിൽ ക്ലീൻ കേരള കമ്പനി ലിമിറ്റഡുമായി കരാർ വെക്കുകയും ചെയ്തിട്ടുണ്ട്.ആയത് പ്രകാരം താഴെ കൊടുത്ത വിലയും സ്പെസിഫിക്കേഷനുമുള്ള മെഷീനുകൾ വിതരണം ചെയ്യാനും കരാറായിട്ടുണ്ട്.

ഇനം	വില (രൂപ)
ഷ്രെഡ്ഡിംഗ് മെഷീൻ 15 എച്ച് പി	384552.38
സി.ജി.എസ്. ടി	34609.71
എസ്.ജി.എസ്.ടി	34609.71
ബേലിംഗ് മെഷീൻ 7.5 എച്ച് പി	392857
സീ.ജി.എസ്.ടി	35357.14
എസ്.ജി.എസ്.ടി	35357.14
ഇൻസ്റ്റലേഷൻ ചാർജ്	24600
സൂപ്പർവിഷൻ ചാർജ്	41000
ആകെ	982943

പ്രസ്തുത മെഷീനുകൾ നഗരസഭയ്ക്ക് സപ്ലൈ ചെയ്തതിന്റേയും സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചതിന്റേയും വിവരം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (29/2017-18 തീയതി 28-01-2019) മറുപടിയായി മെഷനീനുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും വൈദ്യുതി കണക്ഷൻ ലഭ്യമാകാത്തതുകൊണ്ട് പ്രവർത്തനം ആരംഭിച്ചിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. മെഷീനുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും പദ്ധതി ലക്ഷ്യപ്രാപ്തി നേടാത്തതിനാൽ ചെലവ് തുക 982943/- രൂപ തടസപ്പെടുത്തുന്നു.

3-22 പട്ടികജാതി/പട്ടികവർഗ്ഗവിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങി നൽകൽ-അനുബന്ധരേഖകൾ ലഭ്യമാക്കിയില്ല.

1.വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് വാങ്ങി നൽകൽ (പട്ടികജാതി,പട്ടികവർഗ്ഗം)

പ്രൊജക്ടിന്റെ പേര്	വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് വാങ്ങി നൽകൽ (പട്ടികജാതി)
പ്രൊജക്ട് നമ്പർ	82/2018
അടങ്കൽ	90000
ബിൽ നമ്പർ/ തീയതി-തുക	₹89850(29950*3) 16/2017-18 തീയതി 20-02-2018

2. വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങി നൽകൽ(എസ് ടി)

പ്രൊജക്ടിന്റെ പേര്	വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങി നൽകൽ(എസ് ടി)
പ്രൊജക്ട് നമ്പർ	111/2018
അടങ്കൽ	90000(തനത് ഫണ്ട്)
	₹89850 (29950x3)

ചെക്ക് നമ്പർ/ തീയതി	1042523 തീയതി 17-01-2018

കോർപ്പറേറ്റ് ബിസിനസ് സെല്യൂഷൻ, കണ്ണൂർ എന്ന സ്ഥാപനത്തിൽ നിന്നും 6 ലാപ് ടോപ്പുകൾ വാങ്ങിക്കുകയും താഴെ കൊടുത്ത ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ കൈപ്പറ്റ് രശീതി പരിശോധനക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ രണ്ടുപേരുടേത് ഒഴികെ ബാക്കിയുള്ളവരുടെ അർഹത തെളിയിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ക്രമ നമ്പർ	ഗുണഭോക്താവിന്റെ പേര് വിവരം	വിഭാഗം
1	ശ്രീജിത്ത് പി വി	പട്ടികജാതി
2	ജനീഷ പുതിയപുരയിൽ	
3	അക്ഷയ് കെ വി	
4	സുനില കെ എസ്	പട്ടികവർഗ്ഗം
5	കെ ടി ബാലകൃഷ്ണൻ അവിടുത്ത്	
6	ഷിബിൻ പി കെ	

ഇത് സംബന്ധിച്ച് വിശദവിവരം ചുവവടെ കൊടുക്കുന്നു.

1 .ജി.ഒ.(എം.എസ്.) 80/ 17 ,ത.സ്വ.ഭ.വ , 3.4.17 ഉത്തരവ് പ്രകാരം പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗത്തിൽ പ്പെട്ട ബിരുദം , ബിരുദാനന്തര ബിരുദം, പോളിടെക്കനിക്ക് (ഡിപ്ലോമ), എഞ്ചിനിയറിംഗ്, മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ് (ഡിപ്ലോമ , ബിരുദം , ബിരുദാനന്തര ബിരുദം) എന്നീ കോഴ്സുകൾക്ക് സർക്കാർ/എയ്ഡഡ്/സ്വാശ്രയ സ്ഥാപനങ്ങളിലോ, സർവ്വകലാശാല അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിലോ, പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് വാങ്ങി നൽകാവുന്നതാണ്. എന്നാൽ താഴെ പറയുന്നവരുടെ അർഹത തെളിയിക്കപ്പെട്ടിട്ടില്ല.

ക്രമ നം	ഗുണഭോക്താവിന്റെ പേര് (അർഹത തെളിയിക്കാത്തവർ)	ലഭ്യമാക്കേണ്ട രേഖകൾ/അപാകം
1	ശ്രീജിത്ത് പി വി	അർഹത തെളിയിക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല.
2	സുനില കെ എസ്	സ്ഥാപന മേലധികാരിയുടെ സാക്ഷ്യപത്രം
3	ഷിബിൻ പി കെ	കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്
4	പൂജ ബാലകൃഷ്ണൻ (ബാലകൃഷ്ണൻ അവിടത്ത്)	ഉത്തരവിന് വിരുദ്ധമായി പ്ല ടു വിന് പഠിക്കുന്ന വിദ്യാർഥിക്ക് ലാപ് ടോപ്പ് നൽകി.

മേൽ പരാമർശിച്ചവയുടെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതും വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്. കൂടാതോ സർക്കുലർ നമ്പർ ഡി എ 1/750/2017 തസ്വഭവ തീയതി 28-10-2017 പ്രകാരം സ്കൂൾ, കോളേജ് കുട്ടികൾക്കുള്ള പഠനോപകരണങ്ങൾ, ലാപ്ടോപ്പ് ഇവ തദ്ദേശഭരണ സ്ഥാപനങ്ങൾ സെപ്തംബർ,ഒക്ടോബർ മാസത്തിന് മുൻപ് നൽകേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ലാപ്പ് ടോപ്പ് വിതരണം ചെയ്തിട്ടുള്ളത് ജനുവരി, ഫെബ്രുവരി മാസങ്ങളിലാണ്. തുടർ വർഷങ്ങളിൽ ലാപ്ടോപ്പ് വിതരണ പദ്ധതി നടപ്പിലാക്കുമ്പോൾ ഗവൺമെന്റ് പുറപ്പെടുവിച്ച മാർഗ്ഗനിർദേശങ്ങൾ കർശനമായി പാലിച്ച് പദ്ധതി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ആകെ 6 കമ്പ്യൂട്ടറുകൾക്ക് 1,79,700/- രൂപ ചെലവാക്കിയതിൽ 2 പേരുടെ ഒഴികെ (വില 59900) ബാക്കി 4 പേർക്ക് നൽകിയ കമ്പ്യൂട്ടറുകളുടെ വിശദ വിവരം ലഭ്യമല്ലാത്തതിനാൽ അവയുടെ വില 119800/- രൂപ (29950x4) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

3-23 ഒരേ റോഡ് പ്രവൃത്തിക്ക് വ്യത്യസ്ത റീച്ചുകളിലായി രണ്ട് എസ്റ്റിമേറ്റുകൾ ഒരേ വർഷം തയ്യാറാക്കി

2016-17,2017-18 വാർഷീക പദ്ധതിയിൽ മരാമത്ത് പ്രവൃത്തിയിൽ ഒരേ റോഡിന് വ്യത്യസ്ത റീച്ചുകളിലായി രണ്ട് എസ്റ്റിമേറ്റുകൾ തയ്യാറാക്കി പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

ക്രമ നം.	മരാമത്ത് പ്രവൃത്തിയുടെ പേര് വിവരം
	I
1	കോട്ടൂർ വയൽ കാനപ്രം റോഡ് റീടാറിംഗ് പ്രോജക്ട് നമ്പർ- 218/17, 216/18(സ്പിൽ ഓവർ) അടങ്കൽ - 225000/- TS-93420/2016-17 dt. 31-3-17 കരാറുകാരൻ - എം പി പോൾ ചെയിനേജ്- 1/660 to 1/900 റീടാറിംഗ് 1/500 to 1/750 ടാറിംഗ് എം-ബുക്ക് നമ്പർ- 66/17-18 റോഡിന്റെ ആകെ നീളം 1.90 km
2	കോട്ടൂർ വയൽ കാനപ്രം റോഡ് റീടാറിംഗ് പ്രോജക്ട് നമ്പർ- 97/17,187 /18(സ്പിൽ ഓവർ) അടങ്കൽ - 600000/- TS-51058/2016-17 dt. 24-12-17 കരാറുകാരൻ - എം ടി അബ്ദുൾ ബഷീർ ചെയിനേജ്- 0/900 to 1/500 റീടാറിംഗ്,600m എം-ബുക്ക് നമ്പർ- 66/17-18 റോഡിന്റെ ആകെ നീളം 1.90 km
	II
1	ചെർപ്പണി കട്ടായിറോഡ് ടാറിംഗ് പ്രോജക്ട് നമ്പർ- 230/17, 228/18(സ്പിൽ ഓവർ) അടങ്കൽ - 600000/- TS-750/2017-18/est No 2017/30833 കരാറുകാരൻ - ശ്രീ. എം.വി പോൾ ചെയിനേജ്- 1/338 to 1/532 റീടാറിംഗ്, എം-ബുക്ക് നമ്പർ- 18/17-18 റോഡിന്റെ ആകെ നീളം 5km
2	ചെർപ്പണി കട്ടായിറോഡ് ടാറിംഗ് പ്രോജക്ട് നമ്പർ- 18/17, 164/18(സ്പിൽ ഓവർ)

	അടങ്കൽ - 350000/- TS-750/2017-18/est No 2017/30833 എം-ബുക്ക് നമ്പർ- 11/17-18 റോഡിന്റെറ ആകെ നീളം 5km

ശരിയായ രീതിയിൽ സ്ഥലപരിശോധന നടത്തി എസ്റ്റിമേറ്റും പ്രോജക്ടും തയ്യാറാക്കാത്തതിനാലാണ് ഒരു റോഡിന് രണ്ട് പ്രോജക്ടും എസ്റ്റിമേറ്റും തയ്യാറാക്കേണ്ടി വന്നത് . സൈറ്റ് പരിശോധന സമയത്ത് തന്നെ റീടാറിംഗ് ആവശ്യമായ ഭാഗങ്ങളെല്ലാം തിരിച്ചറിഞ്ഞ് അവ പരിഗണിച്ച് എസ്റ്റിമേറ്റും പ്രോജക്ടും തായ്യാറാക്കിയിരുന്നുവെങ്കിൽ ഒരു പ്രവൃത്തിക്ക് രണ്ട് പ്രോജക്ടും എസ്റ്റിമേറ്റും തയ്യാറാക്കേണ്ട അവസ്ഥ ഉണ്ടാകുമായിരുന്നില്ല. ഒരു പ്രോജക്ടിന്റെ രൂപീകരണം മുതൽ നിർവ്വഹണം വരെയുള്ള നടപടിക്രമങ്ങളുടെ ജോലി ഇരട്ടിപ്പ്, മനുഷ്യ വിഭവത്തിന്റെ തെറ്റായ വിനിയോഗം, അധിക പണച്ചെലവ് തുടങ്ങിയവ ഈ പ്രവർത്തനത്തിന്റെ ന്യൂനതകളാണ്. ഭാവിയിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

3-24 പെൻഷൻഫണ്ട് ഓഡിറ്റ്

1996 ലെ കേരള മുനിസിപ്പൽ ജീവനക്കാരുടെ ഡിസിആർ ബി റൂൾസ് ചട്ടം 7(2),8 എന്നിവ പ്രകാരം ഓരോ ജീവനക്കാരന്റെയും പ്രതിമാസ മൊത്ത വേതനത്തിന്റെ 15% പെൻഷൻ വിഹിതമായി അതാത് മാസം 25 നു മുമ്പ് സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കേണ്ടതുണ്ട്. നഗരസഭയിൽ തൻവർഷം 420562 രൂപ സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കിയിട്ടുണ്ട്. സമയപരിധിക്കകം നഗരസഭ തുക ഒടുക്കുന്നുണ്ട്. കേരള മുനിസിപ്പൽ കണ്ടിജന്റ് ജീവനക്കാരുടെ ഡിസിആർബി റൂൾസ് 1997(GO(P)97/LAD/3.05.97)ചട്ടം 1,7(2) എന്നിവ പ്രകാരം ശമ്പളത്തിന്റെ 15% തുക പെൻഷൻ ഫണ്ടിനു വേണ്ടി പ്രത്യേക ട്രഷറി അക്കൗണ്ട് തുടങ്ങി അതിൽ കൃത്യമായി നിക്ഷേപിക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. നഗരസഭ രൂപീകരിച്ചത് 01-11-2015 ലാണ്. നഗരസഭയിലെ 5 കണ്ടിജന്റ് ജീവനക്കാർ നിലവിൽ എംപ്ലോയിമെന്റ് എക്സ്ചേഞ്ച് മുഖേന തിരഞ്ഞെടുത്തവരാണ്. അവരുടെ നിയമനം സ്ഥിരാഗീകാരം ലഭിച്ചിട്ടില്ല. നാളിതുവരെ റഗുലർ ജീവനക്കാരൊന്നും നഗരരസഭയിൽ നിന്നും വിരമിച്ചിട്ടില്ല. ആയത് കാരണം പെൻഷൻ ഫണ്ടിൽ നഗരസഭക്ക് ചെലവുണ്ടായിട്ടില്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

നൽകിയ തീയ്യതി	നിർവഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	മുൻകൂർ നൽകിയ തുക
27/02/18	വാട്ടർ അതോറിറ്റി	മഞ്ഞപ്പാറ എസ്.സി കോളനി കുടിവെള്ള	102000

		പദ്ധതി-പൂർത്തീകരണം	

4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-4 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല.

4-5 സ്ഥിരനിക്ഷേപം

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം	2206951
ഷെയറുകൾ	20000
തന്നാണ്ടിൽ നിക്ഷേപിച്ച തുക(പലിശ)	193386
ആകെ	2400337
പിൻവലിച്ച തുക	ഇല്ല
വർഷാവസാന നീക്കിയിരിപ്പ്	2400337

വർഷാവസാന നീക്കിയിരിപ്പിന്റെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു

ക്രമ നമ്പർ	നിക്ഷേപത്തിന്റെ വിവരം	തുക
1	കുട്ടുംമുഖം സർവീസ് സഹകരണബാങ്ക്, നമ്പർ7992/ 29-04-2017	1056366
2	കുട്ടുംമുഖം സർവീസ് സഹകരണബാങ്ക്, നമ്പർ 4898/15-07-2017	727221
3	ശ്രീകണ്ഠാപുരം പട്ടികജാതി വികസന സഹകരണ സംഘം നമ്പർ 679/02-04-2017	596750
4	മലബാർ ടൂറിസം ഡവലപ്മെന്റ് കോ-ഓപ് സൊസൈറ്റി നമ്പർ 4413/21-3-15	20000
	ആകെ	2400337

4-6 ഓഡിറ്റ് റിക്കവറി

ഇല്ല

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഇല്ല

4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല.

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	113397125
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	99915561
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	2754417രൂപ

(ബി)നഗരസഭാഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	
	ഇല്ല	ഇല്ല	

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
3-1	408000	ശ്രീ.കെ പി രാജഗോപാലൻ,എച്ച് ഐ (സെക്രട്ടറിയുടെ അധിക ചുമതല)
3-2	190284	ശ്രീ വിനോദ് കുമാർ ,സൂപ്രണ്ടന്റ് (സെക്രട്ടറിയുടെ അധിക ചുമതല)
3-3	13379	ശ്രീ വിനോദ് കുമാർ ,സൂപ്രണ്ടന്റ് (സെക്രട്ടറിയുടെ അധിക ചുമതല)
3-9	40000	ശ്രീ വിനോദ് കുമാർ ,സൂപ്രണ്ടന്റ് (സെക്രട്ടറിയുടെ അധിക ചുമതല)
3-12	1000000	ശ്രീ സജീമോൻ എ സൂപ്രണ്ടന്റ് (സെക്രട്ടറിയുടെ അധിക ചുമതല)
3-21	982943	ശ്രീ.കെ പി രാജഗോപാലൻ, ഹെൽത്ത് ഇൻസ്പെക്ടർ
3-22	119800	ശ്രീ.കെ പി രാജഗോപാലൻ,എച്ച് ഐ (സെക്രട്ടറിയുടെ അധിക ചുമതല)-89850 സജീമോൻ എ സൂപ്രണ്ടന്റ് (സെക്രട്ടറിയുടെ അധിക ചുമതല)-29950
ആകെ തുക	2754417 രൂപ	

(സി). കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി). നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ).റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ക്രമ നം	പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ ഔദ്യോഗിക മേൽ വിലാസം	സ്ഥിരം മേൽവിലാസം
ഇല്ല			

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് റിപ്പോർട്ട് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലേത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികഖളുടെ വിവരം	അഭിപ്രായം
2015-16	കെ.എസ്.എ/കെഎൻആർ /ബി2-87/2017 തീയ്യതി 31-01-17	23	
2016-17	കെ.എസ്.എ/കെഎൻആർ സി13/1829/2017 തീയ്യതി 22-11-17	22	

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം. കെ.എസ്.എ.കെ.എൻ.ആർ/സി.18/1401/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

ഫോൺ. 0497 2707698

ഇ.മെയിൽ: doknr.ksad@kerala.gov.in
തീയ്യതി: 03.04.2019

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994-ലെ കേരള നഗരപാലിക നിയമത്തിലെ 295(4)-ാം വകുപ്പ്, ഇവ അനുസരിച്ചും നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കണ്ണൂർ ജില്ലയിലെ ശ്രീകണ്ഠാപുരം നഗരസഭയുടെ 2017-18 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ് മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ശ്രീകണ്ഠാപുരം നഗരസഭയുടെ 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക,വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

അനുബന്ധം-2-1 റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

RECEIPT & PAYMENT STATEMENT of Sreekandapuram Municipality

For the period from 01-April-2017 to 31-March-2018

Code.No	Description of Items	Schedule No	Amount
	RECEIPTS		
	Opening Balance		
Bank	Bank	RP-40(a)	37274025.00
Cash	Cash	RP-40(a)	97620.00
Operating			
110000000	Tax Revenue	RP-1	2345912.00
120000000	Assigned Revenues, Shared Taxes and Compensations (BLOCKED)	RP-2	3000.00
130000000	Rental income from Panchayat Properties	RP-3	6523.00
140000000	Fees & User Charges	RP-4	2682116.00
150000000	Sale & Hire Charges	RP-5	295731.00
160000000	Revenue Grants, Funds, Contributions & Compensations	RP-6	48483878.00
171000000	Interest Earned	RP-8	306267.00
180000000	Other Income	RP-9	16342.00
431000000	Sundry Debtors (Receivables)	RP-37	6858050.00
Non operating			
311000000	Earmarked Funds	RP-22	465836.00
320000000	Grants, Funds & Contributions for Specific Purposes	RP-24	49398482.00
340000000	Deposits Received	RP-27	120540.00
350000000	Other Liabilities	RP-29	2390448.00
460000000	Loans, Advances and Deposits	RP-41	24000.00
Grand Total			150768770.00
Payments			
Operating			

210000000	Establishment Expenses	RP-10	6294406.00
220000000	Administrative Expenses	RP-11	1450389.00
230000000	Operations & Maintenance	RP-12	2088077.00
240000000	Interest & Finance Charges	RP-13	1243.00
250000000	Decentralised Plan Programme-Productive Sector	RP-14	43371336.00
251000000	Decentralised Plan Programme-Service Sector	RP-45	11384133.00
252000000	Decentralised Plan Programme-Infrastructure Sector	RP-46	8262296.00
253000000	Decentralised Plan Programme-Projects not included in	RP-47	2240310.00
	Sector Division		
260000000	Grants, Contributions and Compensations from Own Fund	RP-15	46922.00
350000000	Other Liabilities	RP-29	5367264.00
Non Operating			
280000000	Prior Period Item	RP-19	-24317.00
311000000	Earmarked Funds	RP-22	32000.00
320000000	Grants, Funds & Contributions for Specific Purposes	RP-24	0.0
340000000	Deposits Received	RP-27	90555.00
350000000	Other Liabilities	RP-29	2925301.00
410000000	Fixed Assets	RP-31	13231398.00
412000000	Capital work in Progress	RP-33	2834240.00
460000000	Loans, Advances and Deposits	RP-41	320008.00
	Closing Balance		
	Bank Cash	RP-40(b) RP-40(b)	50687073.00
Grand Total			150768770.00

അനുബന്ധം-2-2 ഇൻകം& എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ

INCOME & EXPENDITURE STATEMENT of Sreekandapuram Municipality

For the period from 01-April-2017 to 31-March-2018

Code.No	Description of Items	Schedule No	Amount
	INCOME		

110000000	Tax Revenue	I-1	8037442.00
120000000	Assigned Revenues, Shared Taxes and Compensations (BLOCKED)	I-2	3000.00
130000000	Rental Income from panchayat properties	I-3	1317131.00
140000000	Fees & User Charges	I-4(b)	3182676.00
150000000	Sale & Hire Charges	I-5(b)	295731.00
160000000	Revenue Grants, Funds, Contributions and Compensations	I-6	134565841.00
170000000	Income from Investments	I-7	193386.00
171000000	Interest Earned	I-8	306267.00
180000000	Other Income	I-9	16342.00
	Total Income		**147917816.00**
	EXPENDITURE		
210000000	Establishment Expenses	I-10(b)	13989252.00
220000000	Administrative Expenses	I-11(b)	7975110.00
230000000	Operations & Maintenance	I-12(b)	2376357.00
240000000	Interest & Finance Charges	I-13	1243.00
250000000	Decentralised Plan Programme-Productive Sector	I-14	99757636.00
251000000	Decentralised Plan Programme-Service Sector	I-14(a)	5025703.00
252000000	Decentralised Plan Programme-Infrastructure Sector	I-14(b)	8206070.00
253000000	Decentralised Plan Programme-Projects not in Sector	I-14(c)	2140310.00
260000000	Grants, Contributions & Compensation from Own Fund / Subsidies	I-15	46922.00
272000000	Depreciation	I-17(a)	10911920.00
	Total Expenditure		**150430523.00**
	Gross Surplus / Defict Income over Expenditure		**-2512707.0**
280000000	Prior Period Item	I-18	-435248.00
	Gross Surplus/Defict of Income over Expenditure after prior Period items.		**-2077459.00**
290000000	Transfer to Reserve Funds	I-18(a)	0.0

അനുബന്ധം-2-3 ബാലൻസ് ഷീറ്റ്

BALANCE SHEET of Sreekandapuram Municipality

For the period from 01-April-2017 to 31-March-2018

Code No	Description of Items	Schedule No	Amount
	LIABILITIES		
	Reserve & Surplus		
310000000	Panchayat / Municipal Fund	B-1	35761621.00
311000000	Earmarked Funds -Special Funds/Sinking Fund/Trust orAgency Fund	B-2	77597.00
312000000	Reserves	B-3	64913733.00
	Total Reserve & Surplus		**100752951.00**
	Grants , Contribution for specific purposes		
320000000	Grants, Funds,Contributions for specific purposes	B-4	16605100.00
	Total Grants,Contribution for specific purposes		
	Loans		
330000000	Secured Loans	B-5	0.0
331000000	Unsecured Loans	B-6	0.0
	Total Loans		**0.0**
	Current Liabilities and Provisions		
340000000	Deposits Received	B-7	3661664.00
341000000	Deposits Works	B-8	0.0
350000000	Other Liabilities	B-9	2896214.00
	Total Current Liabilities and Provisions		**6557878.00**
	TOTAL LIABILITIES		**123915929.00**
	ASSETS		
	Fixed Assets		
410000000	Fixed Assets	B-11	89370073.00
411000000	Accumulated Depreciation	B-11	-20468497.00
412000000	Capital Work In Progress	B-11(a)	712078.00
	Total Fixed Assets		**69613654.00**
	Investments		
420000000	Investments	B-12	2400337.00
	Total Investments		**2400337.00**
	Current Assets,Loans and Advances		
431000000	Sundry Debtors (Receivables)	B-15	968586.00

440000000	Pre-paid Expenses	B-16	0.0
450000000	Cash and Bank balance	B-17	50853209.00
460000000	Loans, Advances and Deposits	B-18	80143.00
	Total Current Assets,Loans and Advances		**51901938.00**
	TOTAL ASSETS		**123915929.00**

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ